# KITE CHRONICLE





HMYHSS MANJERI

# Little KITES

**Little KITES** is a programme by the Kerala Infrastructure and Technology for Education (KITE) that helps students develop IT skills. The programme was launched in 2018 by the Chief Minister of Kerala.

## Goals

To help students use and maintain ICT equipment at school
To help students fix minor technical issues with ICT equipment
To help students use the internet safely and be cyber secure
To help students develop future-ready skills

## How it works

KITE sets up IT clubs in schools
Students are trained in areas such as animation, cyber safety, hardware, electronics, and Malayalam computing
Students are given opportunities to work independently in robotics and artificial intelligence

## Benefits

Students are empowered to become trainers for their parents
Students are transformed from consumers of technology into designers and creators
Students are equipped with future-ready skills that will help them in their careers








# EDITORIAL BOARD


*STUDENT EDITOR* : **ALANA M P (8 F)**

*EDITORIAL BOARD* : **ALI DANISH (10 B)**
**HADI NOUSHIN (9 G)**
**RIFA MUSHTAQ V (8 D)**
**MUHAMMED RADIN KP (8 D)**
**SHIHAD MUHAMMAD (10 I)**
**SHIFA NAZLI (9 B)**

*ADVISING COMMITTEE* : **SHEREENA T** (KITE MISTRESS)
**ASEENA K P** (KITE MISTRESS)
**NOUFAL M T** (KITE MASTER)
**MUHAMMED AMEEN C** (KITE MASTER)




# ആശംസകളോടെ....




നമ്മുടെ Little Kites കുട്ടികളും അവരുടെ അധ്യാപകരും ചേർന്ന് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം.

ടെക്നോളജി എത്ര വികസിച്ചാലും എഴുത്തിനും വായനക്കും പകരം വെക്കാൻ മറ്റൊന്നിനുമാവില്ല എന്ന തിരിച്ചറിവ് ഇതിലൂടെ പുതു തലമുറക്കുണ്ടാവണം. ഊർദ്ധശ്വാസം വലിക്കുന്ന ഈ മേഖലക്ക് ജീവവായു പകർന്നു നൽകുന്ന ഏതൊരു ശ്രമവും അഭിനന്ദനാർഹവും പ്രോൽസാഹിപ്പിക്കപ്പെടേണ്ടതുമാണ്.

ഈ സംരഭത്തിന്  വിജയവും ആശംസകളും നേരുന്നു.

CK സാലിഹ്
പ്രിൻസിപ്പൾ

# ആശംസകളോടെ....




വിദ്യാർത്ഥികളോട് ..

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ മുന്നിട്ടിറങ്ങിയ കൂട്ടുകാരെ അഭിനന്ദിക്കുന്നു. നമ്മുടെ വിദ്യാലയത്തിൽ പഠനത്തോടൊപ്പം വൈവിധ്യമാർന്ന കഴിവുകൾ വികസിപ്പിച്ചെടുക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ഒട്ടേറെയുണ്ട്. അത് പ്രയോജനപ്പെടുത്തുമ്പോഴാണ് വിദ്യാഭ്യാസ കാലഘട്ടം അർത്ഥപൂർണമാകുന്നത്. ഏതൊരു കാര്യവും നേടിയെടുക്കുന്നതിൽ അത്യാവശ്യമാണ് ആത്മവിശ്വാസം. സ്വന്തം കഴിവുകളേയും അഭിരുചികളേയും പറ്റി കൂട്ടുകാർക്ക് ബോധ്യമുണ്ടാകണം. നിങ്ങളുടെ സർഗാത്മക കഴിവുകൾ പരിപോശിപ്പിക്കാൻ  ഈ മാഗസിൻ നിങ്ങളെ സഹായിക്കട്ടെ

അൻവർ ഷക്കീൽ സാർ
ഹെഡ് മാസ്റ്റർ
എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി

# ആശംസകളോടെ....




മാനവചരിത്രത്തിന്റെ ഇരുളിമയാർന്ന നാൾവഴികളെ പ്രകാശപൂരിതമായ ഹരിതശാദ്വലഭൂമിയാക്കിയത് അതിരുകളില്ലാത്ത സൃഷ്ടിപരതയുടെ നിലാത്തെളിമയാണ്.

നമുക്കുള്ളിലെ നമ്മെ നാം തിരിച്ചറിയുന്ന, ധിഷണയുടെയുടെ ഔന്നത്യത്തെ നെഞ്ചേറ്റുന്ന അസുലഭ നിമിഷങ്ങളെയാണ് നിർമ്മാണാത്മകത സാധ്യമാക്കുന്നത്.

ലിറ്റിൽകൈറ്റ്സിന്റെ കുരുന്നുകൾ സ്കൂൾ മാഗസിൻ പുറത്തിറക്കുന്നത് അഭിനന്ദനീയവും അനുകരണീയവും ആഹ്ലാദദായകവുമാണ്.

ആശംസകൾ പ്രിയ കൂട്ടുകാരേ...

നമുക്ക് സ്നേഹക്കടലായ് തിരയടിക്കാം....

മുജീബ് സാർ
ഡെപ്യൂട്ടി ഹെഡ് മാസ്റ്റർ
എച്ച്.എം.വൈ.എച്ച്.എസ്.എസ്. മഞ്ചേരി

# ഉള്ളടക്കം


| |
|---|
| നമ്മുടെ വിദ്യാലയം |
| طُفُولَةُ الْيَوْم |
| ഇങ്ക്ളൂസീവ് |
| ഒരു എഴുത്ത് |
| Techy jokes |
| الهَاتِفُ الْعَجِيب  (قِصَّةٌ صَغِيرَةٌ) |
| ദുരന്തമാവാത്ത അടി |
| LITTLE KITES വിജയഗാഥ |
| THE BEAUTIFUL NATURE |
| ഓർമ്മയിലെ ബാല്യം |
| യാത്ര |
| SHATTERED TRUST |
| യാത്ര വിവരണം |
| HER INNER VOICE |
| ഉരുൾ പ്രതിസന്ധിയിൽ നിന്നൊരു പുനരധിവാസ പ്രതീക്ഷ |
| കേരളം ,പ്രതിസന്ധികളും പ്രതീക്ഷകളും |
| ഇരുളിൽ മറഞ്ഞ പകലുകൾ |
| അനന്തനിദ്രയിലാണ്ടവർ |
| പ്രത്യാശയുടെ വെളിച്ചം |
| പരേതൻ്റെ വീട് |
| ഇരുട്ടുമൂടിയ പകലുകൾ |
| അടയാത്ത കണ്ണുകൾ |
| പുതപ്പ് |
| അവസാനശ്വാസം - പ്രതീക്ഷയോടെ.... |
| **The Digital World, Trapped the World** |
| **THE FUTURE OF ROBOTICS : TRANSFORMING OUR WORLD** |

# നമ്മുടെ വിദ്യാലയം.....

മഞ്ചേരി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് "ഹിദായത്തുല് മുസ്ലിമീന് യത്തീംഖാന ഹയർ സെക്കണ്ടറി സ്കൂൾ. യത്തീംഖാന സ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.1976 ല് ആണ് ഈ സ്കൂള് ആരംഭിച്ചത്.

## ചരിത്രം

അനാഥരും നിരാലംബരുമായ ബാല്യങ്ങളുടെ സംരക്ഷണം ഏറ്റെടുത്ത് 1970-ൽ മഞ്ചേരി പാണ്ടിക്കാട് റോഡിൽ അനാഥമന്ദിരം സ്ഥാപിച്ചു പിന്നോക്കാവസ്ഥയും അരക്ഷിത ബോധവും കാരണം സാമൂഹ്യ ജീവിതത്തിൽനിന്ന് ഉൾവലിഞ്ഞ മുസ്ലിം സമൂഹത്തിന്റെ മത ഭൗതിക വിദ്യാഭ്യാസ പുരോഗതിക്കായി മഞ്ചേരി കേന്ദ്രമാക്കി 1897-ൽപ്രവർത്തനമാരംഭിച്ച ഹിദായത്തുൽ മുസ്ലിമീൻ സഭയുടെ തുടർച്ചയായുണ്ടായ മുന്നേറ്റം തന്നെയാണ് മഞ്ചേരിയിൽയതീംഖാന സ്ഥാപിക്കുന്നതിന് പ്രചോദനമായത്.



200-ഓളം അനാഥകളും അഗതികളും ഇവിടെ സംരക്ഷിക്കപ്പെടുന്നു. അവരുടെ പുനരധിവാസത്തിനും ഉയർച്ചക്കും വേണ്ടി ---------ഹയർസെകൻഡറി, ഐ.ടി.സി H.M അക്കാദമി ഓഫ് ആർട്സ് ആൻഡ് സയൻസ്, H.M കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, H.M ഡിജിറ്റൽ റഫറൻസ് ലൈബ്രറി വിവിധ സ്ഥാപനങ്ങളും ഒരേ ഘട്ടത്തിലും ആരംഭിക്കുകയുണ്ടായി.

1976-ൽ അപ്പർപ്രൈമറി സ്കൂളിലൂടെ ആരംഭിച്ച വിദ്യാഭ്യാസ മുന്നേറ്റം ഇന്ന് ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽബിരുദ ബിരുദാനന്തരപഠനം വരെയുള്ള സൗകര്യങ്ങൾ എത്തിനിൽക്കുന്നു. 1981-ൽ ഹൈസ്കൂളും 1998-ൽഹയർസെക്കന്ഡറിയും ആരംഭിച്ച സ്കൂൾ ഇന്ന് പ്രശംസനീയമായ നിലയിലാണ് നടന്നു വരുന്നത്.

## ഭൗതികസൗകര്യങ്ങൾ

7 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 49 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 14ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും u.p വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം 65 കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## പാഠ്യേതര പ്രവർത്തനങ്ങൾ

സ്കൗട്ട് & ഗൈഡ്സ്.
ക്ലാസ് മാഗസിൻ.
ക്ലാസ് ലൈബ്രറി
വിദ്യാരംഗം കലാ സാഹിത്യ വേദി.
ഐ.ടി ക്ലബ്.
എ.ടി. എൽ ലാബ്
ലിറ്റൽ കൈറ്റ്സ്
സ്കൂൾ ലൈബ്രറി
സ്കൂൾ സ്റ്റോർ
ക്ലബ്ബ് പ്രവർത്തനങ്ങൾ.



BUSHRA
HST ARABIC

# طُفُولَةُ الْيَوْم

في بحر المتقارب

سلام على طفل    بين الأنام
ففيه النقاء    وفيِه السلامِ
أحِلقِ بفِرح    طيْرًا  نعيما
فلِا حِزْن يسكنُ فِي    عَيْش سَلِيم
وِلا غدْر أخشاءِ فِي    نقْيً  مَنام
ولكن أرجوال    طِفل مُلِيمً
بِخطيٍْ ومِرتابٍ    لِعَقْلً مُنِيَم
نَرِى اليَوْمِ أحْدِاًثا    تمِيتً المَِرام
وَأنْت ولا تحَنوا    لِفسَاد  نِدِيم



# ഇങ്ക്ലൂസീവ്



ഖദീജ ഉണ്ണിയമ്പത്ത്
HST SOCIAL SCIENCE

ശാക്തീകരണ ക്ലാസ് കഴിഞ്ഞതിന്റെയന്നാണ്
ഡയമണ്ട്പതിച്ച ഒരു മൂക്കുത്തി വാങ്ങിയത്.
മൂക്കുത്തിക്കല്ലിന് പേരുകളെ വ്യാഖ്യാനിക്കാനാവുമെന്ന്
ആദ്യ അദ്ധ്യായന ദിനം തന്നെയറിഞ്ഞു.

ക്ലാസ് മുറി എക്കാലത്തേയും പോലെ
ഒരു പൂവാടിയായിരുന്നു.
ഒരേ നിറമെങ്കിലും പല  ദളങ്ങളുള്ള ഒരു ഉദ്യാനം.!

പിൻ നിരയിലെ  ഒരു പൂവിന്റെ കണ്ണെന്ത്യേ വല്ലാതെ ചുവന്നു പോയത്?
അവൻ പേരു പറഞ്ഞത്  ഞാൻ കേട്ടില്ലെങ്കിലും മൂക്കുത്തി മൂളി
'ലഹരി' യാ ....!
നടുവിലൊരു പെൺപ്പൂവതാ –
വല്ലാതെ വാടിയിരിക്കുന്നു.
അവളും എന്തോ ഒരു പേരു പറഞ്ഞു.
സൂര്യയെന്നോ നിർഭയയെന്നോ അതിജീവിതയെന്നോ  മറ്റോ .....
എന്നാൽ മൂക്കുത്തീലുകണ്ടത്
,പോക്സോ, ......!
അത്തരത്തിലൊരു ആൺ പൂവിനേയും മൂക്കുത്തിക്കല്ല് ചൂണ്ടി.
സൂര്യനെന്നോ '
നിർഭയനെന്നോ'
അതിജീവനെന്നോ' എന്നൊക്കെയായി
ഒരു പുലിംഗനാമം അവനും വേണ്ടിയിരുന്നില്ലേ എന്നും മൂക്കുത്തി .!
ഒരു പൂവിന്റെ തണ്ടങ്ങനെ
ചരിഞ്ഞും വളഞ്ഞും  തിരിഞ്ഞുമിരിക്കുന്നു.
ഒന്നു തൊട്ടു തലോടി പേരു ചോദിച്ചു.
പറയാൻ  ശ്രമിക്കുന്നുണ്ടെങ്കിലും മൂക്കുത്തിയാ മുഴമിപ്പിച്ചത്
'ഭിന്നശേഷി ' ....
ക്ലാസിൽ നിന്നിറങ്ങിയപ്പോഴേക്കും മൂക്കു വല്ലാതെ നോവാനും, ചൊറിയാനും തുടങ്ങി.
ഒഡീസിയസ്സിന്റെ ടെലമാക്കസിന് അഥീനയെന്നോണം നീ അവർക്ക്
മെന്റെറാവുക !
വഴിക്കാട്ടുക !
കൈ പിടിക്കുക !
കാവലാവുക !!
മൂക്ക് ചൊറിഞ്ഞോണ്ടും കരഞ്ഞോണ്ടുമിരുന്നത്
ഇതൊക്കെ പറഞ്ഞായിരുന്നു.
അന്നു തന്നെ 'സഹിതം' പോർട്ടലിൽ സൈൻ ഇൻ ചെയ്തു.
ഓരോ പൂവിനേയും അപ് ലോഡ് ചെയ്യുമ്പോൾ
പേറ്റുനോവ് പുളഞ്ഞു
പോറ്റുനോവ് വെന്തു .

, .........................
NB –ഗ്രീക്ക് ഇതിഹാസ കാവ്യമായ 'ഒഡിസ്സി' യിൽ ട്രോജൻ യുദ്ധത്തിന് പുറപ്പെടുന്ന ഒഡീസ്സിയസ് തന്റെ പുത്രൻ ടെലമാക്കസിന്റെ ചുമതല കൂട്ടുകാരനെ ഏല്പിക്കുന്നു. ടെലിമാക്കസ് പിതാവിനെ അന്വേഷിച്ചിറങ്ങുമ്പോൾ അഥീന അവനെ സംരക്ഷിക്കുന്നു.

# ഒരു എഴുത്ത്



SHEREENA
HST MATHEMATICS
(KITE MISTRESS)

എഴുതാൻ ആവശ്യപ്പെടുമ്പോഴൊക്കെ ശൂന്യത മാത്രമാണ് മുന്നിൽ.. കഥാതന്തുവിനെ തേടിയുള്ള മനസ്സിന്റെ യാത്ര മറ്റൊരു പ്രശ്നമായി.. വാക്കുകൾ ഒരിക്കലും വരുന്നില്ല.. കാരണമെന്തെന്ന് അറിയില്ല നാലഞ്ച് വരികൾ എഴുതി ആദ്യം മുതൽ വായിച്ച് ബാക്കി എന്ത് എഴുതണം എന്ന് അറിയാതെ വിരലുകൾ വിറങ്ങലിക്കുകയാണ്.. കടലാസിലെ ഈ കറുത്ത അക്ഷരങ്ങൾക്ക് പൊന്നിന്റെ വിലയാണ് ഇപ്പോൾ... തോളിൽ കയ്യിട്ട നടന്നവർ തെറ്റിദ്ധാരണയുടെ മൂടുപടം അണിഞ്ഞപ്പോൾ.. വാക്കുകൾകൊണ്ട് മറ്റുള്ളവരെ മുറിവേൽപ്പിച്ച് മാപ്പിന്റെ വെളുത്ത തുണികൊണ്ടു മൂടിയപ്പോൾ.. എല്ലാത്തിനുമുപരി പ്രിയ കൂട്ടുകാരിയെ മരണം തട്ടിയെടുത്തപ്പോൾ.. ഇങ്ങനെ ജീവിതം തന്നെ കഥയായതുകൊണ്ടാവാം പത്താംക്ലാസിൽ മറന്നുവെച്ച ഈ അക്ഷരങ്ങൾ പൊടിതട്ടി എടുത്തത്.. കണ്ണുനീർ കൊണ്ട് കഴുകിയെടുത്ത പൊടിപിടിച്ച അക്ഷരങ്ങൾ.. " എന്തൊക്കെയാ ഇത് വായിച്ചിട്ട് മനസ്സിലാവാത്ത ഒരു സാഹിത്യം " പുസ്തകത്തിനുള്ളിൽ വെച്ച പേന തിരഞ്ഞെടുത്ത ആരോ ചോദിച്ചു.. ഇത് സാഹിത്യമല്ല... എന്ന് ഉറക്കെ പറഞ്ഞെങ്കിലും ശബ്ദം പുറത്തു വന്നില്ല..

സമയം പാഞ്ഞുകൊണ്ടിരിക്കുകയാണ്... പണികൾ ഏറെയുണ്ട് ഇനിയും.. അതോടെ ഈ എഴുത്ത് അവസാനിക്കും. എപ്പോഴത്തെയും പോലെ ചുരുട്ടിക്കൂട്ടി ചവറിലേക്ക്.. ഇതെങ്കിലും ഒന്ന് വെളിച്ചം തട്ടണം..മുഴുവൻ ആക്കാൻ ആവാതെയാണെങ്കിലും..

ഞാൻ പറഞ്ഞില്ലേ.. വീണ്ടും നിന്നു ഈ എഴുത്ത്.. പൊന്നുമോൻ വെച്ച് നീട്ടിയ തണ്ണിമത്തൻ ആസ്വദിച്ചു കഴിച്ചു കൊണ്ടിരിക്കുകയാണ് ഇപ്പോൾ.. മറു കയ്യിലേക്ക് കുരു തുപ്പിയിട്ടപ്പോൾ മനസ്സിൽ കരുതി.. ഒരിക്കൽ സ്നേഹവും ഇതുപോലെ.. കാരുണ്യവാനായ നാഥാ.. നിന്റെ നിർഭാഗ്യകരമായ പരീക്ഷണങ്ങളിൽ നിന്നും കാത്തുരക്ഷിക്കണേ.. മനസ്സ് മന്ത്രിച്ചു.

എനിക്കറിയാം... ഇപ്പോഴും ഞാൻ യാത്രയിലാണ്... കഥാതന്തുവിനെ തേടിയുള്ള യാത്രയിൽ.. 'കീറപ്പായയുടെ നടുവിലിരുന്ന് അവളാ കറുത്ത ബിന്ദുവിനെ തേടുകയായിരുന്നു'.. ഞാൻ പറഞ്ഞ ആ പത്താം ക്ലാസുകാരിയുടെ തൂലികത്തുമ്പിൽ വിരിഞ്ഞ വാക്കുകളെ കടമെടുത്താലോ... എത്ര വർഷങ്ങൾ കഴിഞ്ഞു.. പേന പിന്നെയും താഴെ വെച്ചു.. "ഉമ്മച്ചിയെ ഈ മരുന്നൊന്നു പുരട്ടി തരോ " ഉദ്യോഗസ്ഥയായ ഉമ്മയുടെ പല 'വൃത്തികേടുകളും' സഹിക്കേണ്ടി വന്നവർ.. പാവങ്ങൾ...

എനിക്ക് ചിരി വരുന്നുണ്ട് കൂട്ടുകാരെ, ഇന്നലെ പേന താഴെ വെച്ചിട്ട് പിന്നെ എടുക്കാൻ സമ്മതിച്ചില്ല വേറെ ആരും അല്ലാട്ടോ സാഹചര്യം... പിന്നെ ഇപ്പോൾ ഇതാ വീണ്ടും.. രാവിലത്തെ മലക്കം മറിച്ചിലുകൾ ഒക്കെ തീർന്നു..അതുകൊണ്ട അരമണിക്കൂറിൽ നേരത്തെ പറഞ്ഞ 'സാഹിത്യം' വിരിയുന്നുണ്ടോ എന്ന് നോക്കുന്നത്.. വാക്കു കൊടുത്തില്ലേ.. ഇന്ന് എഴുതിത്തരാമെന്ന് മാറ്റണ്ടല്ലോ..അതിലുപരി എഴുത്തിനോടുള്ള ഇഷ്ടവും..

നേരത്തെ പറഞ്ഞ 'സാഹചര്യ'മുണ്ടല്ലോ അതിനെക്കുറിച്ച് പറയാം.. "ഉമ്മച്ചിയെ.. "വീണ്ടും അടുത്ത വിളി.. പേന താഴെവെച്ച് വിളി കേട്ടു.. "ക്ലോസെറ്റിൽ എന്താ ഈ ബാത്റൂം ഫ്രഷ്ണർ വീണുകിടക്കുന്നത്.." പോയി നോക്കി.. പാവം അതിന്റെ ശവസംസ്കാരം നടത്തണ്ടേ.. സമയം രാത്രി 11 മണി.. പുറത്തിറങ്ങാൻ പേടിയുണ്ട്..വേറെ നിവൃത്തിയില്ലല്ലോ.. പുറത്തുള്ള ഉപകരണങ്ങൾ എടുക്കണ്ടേ.. ഈർക്കിൽ ചൂലിൽ നിന്നും അതിന്റെ ഒരു കുഞ്ഞിനെ അടർത്തി മാറ്റി..ബാത്റൂം ഫ്രഷ്ണറിന്റെ ശവസംസ്കാരം നടത്തി... ശീതീകരിച്ച മുറിയിൽ ഉറക്കത്തെ ആവാഹിക്കുമ്പോഴും മനസ്സ് പറഞ്ഞു.. നേരം വെളുക്കട്ടെ എന്തായാലും ഒരു കഥ എഴുതണം.. പക്ഷേ കഴിയുന്നില്ല.. ഇപ്പോൾ തന്നെ സമയം ഒരുപാട് വൈകി.. അതുകൊണ്ട് ഞാൻ എന്റെ പേന അടക്കട്ടെ നാളെ തുറക്കാം... നാളെ...നാളെ തന്നെ...

എന്നാലും ഒന്നുകൂടി പറയട്ടെ ആ വിളികൾ ഉണ്ടല്ലോ..."ഉമ്മച്ചിയെ.." പ്രപഞ്ചനാഥന്റെ വലിയ അനുഗ്രഹങ്ങളിൽ ഒന്നാണത്... പേനകൾ തുറന്നില്ലെങ്കിലും നിലയ്ക്കാത്ത വിളികൾ ആവട്ടെ അത്... ഒരിക്കലും...

# Techy Jokes



ASEENA KP
HST ENGLISH
(KITE MISTRESS)

*Here are some techy jokes to brighten your day*

- Why do programmers prefer dark mode?
  - Because light attracts bugs!

- How do you comfort a JavaScript bug?
  - You console it.

- Why was the computer cold?
  - It left its Windows open.

- Why do programmers hate nature?
  - It has too many bugs.

- Why don't robots ever get tired?
  - Because they recharge in cycles.

- Why was the computer late to work?
  - It had a hard drive.

- How many programmers does it take to change a light bulb?
  - None. That's a hardware problem.

- Why did the developer go broke?
  - Because he used up all his cache.



# الهَاتِفُ الْعَجِيب (قِصَّةٌ صَغِيرَةٌ)




NOUFAL MT
HST ARABIC
(KITE MASTER)





في مدينة المستقبل، حيث كانت السيارات تطير والروبوتات تساعد في كل شيء، كان هناك طفل يُدعى سامي يعشق التكنولوجيا. كان يحلم دائمًا بأن يخترع شيئًا يغيّر العالم.

في يوم من الأيام، بينما كان يلعب في مختبر والده، وجد هاتفًا ذكياً لم يرَ مثله من قبل. كان الهاتف يتحدث معه! قال الهاتف: "مرحبًا سامي، أنا هاتف المستقبل، يمكنني مساعدتك في أي شيء."

بدهشة، سأل سامي: "هل يمكنك أن تشرح لي كيف تعمل؟

أجابه الهاتف: "أنا أستطيع أن أتعلم من تصرفاتك، أساعدك في أداء واجباتك، وأوفر لك المعلومات في لحظة."

بدأ سامي في استخدام الهاتف بحكمة، فساعده في ابتكار روبوت صغير يساعد كبار السن في مدينته. سرعان ما أصبح الروبوت شائعًا، وأصبحت المدينة أكثر راحة لكبار السن بفضل اختراع سامي.

لكن ذات يوم، انقطع الاتصال بالهاتف العجيب. بحث سامي عن الحل، فاكتشف أن التكنولوجيا لا يمكن أن تحل كل المشاكل، بل تحتاج إلى عقول مبدعة تستخدمها بحكمة. تعلم درسًا مهمًا: "التكنولوجيا أداة رائعة، لكن الأهم هو كيف نستخدمها."

وهكذا، واصل سامي رحلته في الابتكار، مستخدمًا التكنولوجيا لجعل العالم مكانًا أفضل.

# ദുരന്തമാവാത്ത അടി




**MUHAMMED AMEEN C**

**HST MATHEMATICS**

**(KITE MASTER)**


അലാറം അടിക്കുന്നു.....................

സമയം രാവിലെ 5:00 മണി സുബഹി നിസ്കരിക്കാൻ ഉള്ള സമയം...... പെട്ടെന്ന് നെഞ്ച് പിടക്കാൻ തുടങ്ങി . എന്നും ഇല്ലാത്ത ഒരു പേടി , മനസ്സിനെ പിടിച്ചുലക്കാൻ തുടങ്ങി . ഇന്ന് ഞാൻ എങ്ങനെ സ്കൂളിൽ പോകും എന്നതായിരുന്നു എന്റെ ചിന്ത . ഇന്നലെ ഉണ്ടായ സംഭവം ഓർക്കുമ്പോൾ ഹൃദയമിടിപ്പ്... വീണ്ടും കൂടാൻ തുടങ്ങി. അധ്യാപകൻ ആയതിനു ശേഷം ആദ്യമായി ഒരു കുട്ടിയെ ചെറുതായിട്ട് ഒന്ന് തല്ലി . കൈ വലിക്കുന്നതിനിടയ്ക്ക് ആ കുട്ടിയുടെ വിരലിൽ ചെറിയൊരു മുറി ഉണ്ടായിട്ടുണ്ട് . കരഞ്ഞു വീട്ടിലോട്ടു പോയ കുട്ടിയുടെ മുഖം ഓർക്കാൻ വയ്യ. അതിന്റെ ബാക്കി എങ്ങാനും ഇന്നുമുണ്ടാകുമോ ....? അറിയാതെ വിയർക്കാൻ തുടങ്ങി .

അടിച്ച് ശീലം ഇല്ലാത്തതുകൊണ്ട് തന്നെ ആദ്യത്തെ അടി പാളി. പേര് കേട്ട യുപിസ്കൂൾ ഞാൻ കാരണം ആ സ്കൂളിൻ വല്ലതും പറ്റുമോ..? ഞാനാണെങ്കിൽ ഒരു താൽക്കാലിക ജീവനക്കാരനും.. ഇന്ന് ലീവ് എടുത്താലോ ..?അല്ലെങ്കിൽ വേണ്ട ജീവിതത്തിൽ എല്ലാം നേരിടണം മനസ്സിനെ പറഞ്ഞു മനസ്സിലാക്കിപ്പിച്ചു.. സമയം 5 : 15 ആയി. ഒരു 15 മിനിറ്റ് കൂടി കിടന്നിട്ട് എണീക്കാം , ചെറുതായിട്ടൊന്നു കണ്ണടച്ചു. ഇന്നലത്തെ സംഭവം അറിയാതെ മനസ്സിലൂടെ ഓടി വന്നു..

2016 ഡിസംബർ മാസത്തിലെ ഒരു വ്യാഴാഴ്ച ,ആറാമത്തെ പിരീഡ് 6 F ക്ലാസ്,ഗണിതത്തിന്റെ പിരീഡ്. തലേന്ന് ചെയ്യാൻ കൊടുത്ത HOME WORK നെ പറ്റി ആദ്യം ചോദിക്കാൻ തുടങ്ങി .ക്ലാസിലെ വികൃതി പയ്യനാണ് സൽമാൻ. ഇന്നും പതിവുപോലെ എണീറ്റുനിന്നു സൽമാൻ .എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പയ്യനാണ് .. പഠിക്കാൻ ശ്രമിക്കുന്നു പക്ഷെ അവനെ കൊണ്ട് സാധിക്കുന്നില്ല . രസകരമായ തമാശ ക്ലാസ്സിൽ ഉണ്ടാക്കുന്നതാണ് അവന്റെ ശീലം.

മിടുക്കനാണ് അവൻ . "ഹോം വർക്ക് ചെയ്യാത്തത് എന്താണെന്ന് ഞാൻ" ചോദിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി "ഇന്ന് സാർ സുന്ദരൻ ആയിട്ട് ഉണ്ടെന്നായിരുന്നു".. പെട്ടെന്ന് അത് കേട്ടപ്പോൾ എനിക്ക് ചിരി പിടിച്ചുനിർത്താൻ സാധിച്ചില്ല. എന്റെ ചിരിയുടെ കൂടെ ക്ലാസ്സിലെ കുട്ടികളും കൂടി.. "സൽമാൻ ചിരിപ്പിക്കാതെ കാര്യം പറയ് എന്തുകൊണ്ട് ഹോംവർക്ക് ചെയ്തില്ല..?" അവൻ വീണ്ടും നർമ്മത്തിൽ ചാലിച്ച മറുപടി തന്നു "സാറിന്റെ ഷർട്ട് നല്ല രസമുണ്ട് സാറേ.." സത്യം പറയുകയാണെങ്കിൽ ഞാൻ പൊട്ടിച്ചിരിച്ചു.

ഒരു അധ്യാപകനായ എന്നോട് ഒരു വിദ്യാർത്ഥി ഇങ്ങനെ അല്ല പെരുമാറേണ്ടത് എന്ന് എനിക്കറിയാം ,പക്ഷേ സൽമാൻ എന്ന വിദ്യാർത്ഥി.. യൂണിഫോമിന്റെ സിബ്ബ് കേട് വന്നതുകൊണ്ട് അവിടെ ഒരു പിൻ കുത്തി വരുന്ന പയ്യൻ ,സ്കൂളിലെ ഉച്ചഭക്ഷണത്തിന്റെ ബാക്കി വൈകുന്നേരം വീട്ടിലേക്ക് കൊണ്ടുപോകുന്ന പയ്യൻ , രാത്രി വീട്ടുകാർക്ക് കഴിക്കാൻ വേണ്ടി.. കുഞ്ഞുപെങ്ങൾ മാനസികനില തെറ്റി മൈസൂർ ഹോസ്പിറ്റലിൽ.. ഉപ്പാക്ക് പണിയില്ല, ഇങ്ങനെയൊക്കെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായിട്ടും സൽമാൻ ഹാപ്പിയാണ് തന്റെ സങ്കടം മറച്ചുവെച്ച് ക്ലാസിലെ കുട്ടികളെ ചിരിപ്പിക്കാൻ അവൻ നോക്കുന്നു.

മിട്ടുക്കൻ ..മിട്ടുമിട്ടുക്കൻ. അവനെയാണ് ഞാൻ ക്ലാസിലെ ചോദ്യം ചോദിക്കുന്നതിനിടക്ക് തല്ലിയത് .. ചെറിയൊരു മുറിയും ആയിട്ടുണ്ട് . കരഞ്ഞ് വീട്ടിലോട്ടു പോയ അവന്റെ മുഖം പെട്ടെന്ന് ....കണ്ണ് തുറന്നു സമയം 5:40 പെട്ടെന്ന് നിസ്കരിച്ചു .എന്തുവന്നാലും നേരിടണം. മഞ്ചേരിയിൽ നിന്ന് പത്ത് കിലോമീറ്റർ അകലെയുള്ള ഒരു സ്കൂളിൽ ആണ് ഞാൻ പഠിപ്പിക്കുന്നത് . ബസ്സിൽ കയറിയത് മാത്രമേ എനിക്ക് ഓർമയുള്ളൂ സ്കൂളിൽ എത്തുന്നതുവരെ ഏതോ സ്വപ്നലോകത്ത് ആയിരുന്നു ഞാൻ.

7 A ക്ലാസ് ടീച്ചർ ആയ ഞാൻ അന്ന്,ആദ്യത്തെ പിരീഡ് 6F ചോദിച്ചു വാങ്ങി. അവനെ ഒന്നു കാണാൻ. 6 F ക്ലാസ്സിലോട്ട് കയറി.. എല്ലാവരും എണീറ്റുനിന്നു പക്ഷേ സൽമാനെ കാണാനില്ല .അവൻ വന്നിട്ടില്ല .ലീവ് ആണോ..? അതോ വേറെ എന്തെങ്കിലും ....? നെഞ്ച് പിടക്കാൻ തുടങ്ങി . ഒരു 10 മിനിറ്റ് കഴിഞ്ഞപ്പോൾ ആരോ വാതിലിനടുത്ത് നിന്ന് "സാർ" എന്ന് വിളിക്കുന്നു ,നോക്കുമ്പോൾ സൽമാൻ. ഭാഗ്യം അവൻ ഒറ്റക്കാണ് വീട്ടുകാരോടൊപ്പം അല്ല.. അവനോട് ക്ലാസിലോട്ട് കയറാൻ പറഞ്ഞു.

ബാഗ് വെച്ചിട്ട് അവനെ ഞാൻ സ്വകാര്യമായി വിളിച്ചു.. ഇന്നലെ എന്താണ് പറ്റിയത് കയ്യിലെ വിരലിന് വേദന ഇപ്പോഴും ഉണ്ടോ എന്ന് ചോദിച്ചു. അവൻ കുറച്ചു നേരം എന്റെ മുഖത്തേക്ക് നോക്കി എന്നിട്ട് എന്നോട് പറയാൻ തുടങ്ങി നല്ല പക്വതയുള്ള കുട്ടികളെ പോലെ അതും ആറാം ക്ലാസിലെ ഒരു പയ്യൻ..

"സാർ ഇന്നലെ നല്ലോണം പേടിച്ചു അല്ലേ...? എനിക്ക് തോന്നി.. സാർ അടിച്ച അടി അതിനു മാത്രം വേദന ഒന്നും ഉണ്ടായിരുന്നില്ല. പക്ഷേ സാർ അടിച്ചത് കൊണ്ടാണ് ഞാൻ ഇന്നലെ കരഞ്ഞത്. അത്രയ്ക്ക് ഇഷ്ടമാണ് സാറിനെ. വീട്ടിൽ ആകെ പ്രശ്നങ്ങൾ മാത്രമുള്ള എനിക്ക് ഇതൊന്നും ഒരു പ്രശ്നമേ അല്ല സാറേ..." എന്ന് പറഞ്ഞ് അവൻ ചിരിച്ചു.ഇനി "ഞാൻ ഹോം വർക്ക് ചെയ്യും പക്ഷേ ഉത്തരം ശരിയാകണമെന്നില്ല" എന്ന് പറഞ്ഞ് അവൻ അവന്റെ സീറ്റിൽ പോയിരുന്നു ചിരിച്ച മുഖവുമായി.

എന്തോ എന്റെ മനസ്സിലൂടെ നല്ല തെളിഞ്ഞ ഒരു നദി ഒഴുകിയിട്ട് മനസ്സൊന്ന് വൃത്തിയാക്കിയത് പോലെ. പിടി പിരീഡ് അവന്റെ കൂടെ കളിച്ച് ഞങ്ങൾ കൂടുതൽ അടുത്തു.

വർഷം അഞ്ചു കഴിഞ്ഞു.. 2021 ൽ അവനെ കാണാൻ ഇടയായി ആളാകെ മാറി. പെട്ടെന്ന് ഞങ്ങൾക്ക് മനസ്സിലായി. "സാർ" എന്നു പറഞ്ഞു അവൻ ഓടിവന്നു. ഒന്ന് സുന്ദരൻ ആയതു പോലെ എനിക്ക് തോന്നി. നല്ല ഷർട്ടും നല്ല പാന്റും മുഖത്ത് കൂടുതൽ പുഞ്ചിരി .അവന്റെ ജീവിതം പതുക്കെ പച്ചപിടിക്കാൻ തുടങ്ങിയിരിക്കുന്നു . ഉപ്പാക്ക് നല്ലൊരു ജോലി കിട്ടിയിട്ടുണ്ട് . പെങ്ങൾ പതുക്കെപ്പതുക്കെ റെഡിയായി വരുന്നു . ഇതെല്ലാം കേട്ടപ്പോൾ എന്തോ വല്ലാത്ത സന്തോഷം തോന്നി . കുറച്ച് നേരം വർത്തമാനം പറഞ്ഞ ശേഷം , എന്നെ ഒന്ന് കെട്ടിപ്പിടിച്ച് , "ഇനി പിന്നീട് കാണാം" എന്ന് പറഞ്ഞ് അവൻ എങ്ങോട്ടോ മിന്നിമറഞ്ഞു അവന്റെ ജീവിതത്തിലെ തിരക്കിലോട്ട്. അവന്റെ ജീവിതം ഇതിലും കൂടുതൽ മനോഹരം ആയിരിക്കട്ടെ എന്ന് മനസ്സുകൊണ്ട് ഞാൻ പ്രാർത്ഥിച്ചു.

# LITTLE KITES വിജയഗാഥ



**സംസ്ഥാന ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്**

മഞ്ചേരി: തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ മഞ്ചേരി എച്ച്. എം.വൈ. എച്ച്.എസ്. എസ് ലെ ഹാദിനൗഷിൻ പങ്കെടുത്തു.ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരുന്നത് . ''സ്മാർട്ട് ഹെൽമെറ്റ്'' എന്ന വിഷയത്തെ ആസ്പദമാക്കി ഹാദിനൗഷിൻ ഉണ്ടാക്കിയ സ്മാർട്ട് ഹെൽമെട്ടും സ്മാർട്ട് ബൈക്കും ക്യാമ്പിൽ ഏവരുടെയും ശ്രദ്ധ കേന്ദ്രമായി.
ബൈക്ക് അപകടങ്ങൾ കൂടി വരുന്ന ഈ കാലത്ത് സ്മാർട്ട് ഹെൽമെറ്റ് പോലുള്ള സാധ്യതകൾ ഉപയോഗിച്ച് ഭാവിയിലെ ബൈക്ക് അപകടമരണങ്ങൾ ഗണ്യമായി കുറക്കാൻ സാധിക്കുമെന്ന് ഹാദിനൗഷിൻ അഭിപ്രായപ്പെട്ടു.

പണ്ട് മുതലേ പ്രോഗ്രാമിങ്ങിൽ താല്പര്യം ഉണ്ടായിരുന്ന എന്നെ സ്കൂളിലെ Littlekite ടീമിൽ നിന്ന് തിരഞ്ഞെടുത്ത എട്ട് കുട്ടികളുടെ കൂടെ സബ്ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.ഇതാണ് state ക്യാമ്പിലേക്കുള്ള ആദ്യ ചവിട്ടു പടി.... അതിലേക്ക് എന്നെ select ചെയ്ത little kite teachers,എല്ലാത്തിനും പ്രോത്സാഹനം നൽകി മുന്നോട്ടു നയിച്ച Hm Shakkeelsir.... പ്രോത്സാഹനം നൽകിയ സ്കൂളിലെ എന്റെ teachers എല്ലാവരോടുമുള്ള കടപ്പാടും നന്ദിയും പറയാവുന്നതിലപ്പുറമാണ്. അതുപോലെ തന്നെ നിർമ്മാണത്തിൽ എന്റെ കൂടെ നിന്ന് പൂർണ്ണ സഹായം നൽകിയ യഹ്‌യ പറയാവുന്നതിലേറെ സ്നേഹമറിയിക്കുന്നു... എന്റെ ഉപ്പ, ഉമ്മ,മാമൻ തന്ന സ്നേഹ സഹായ പിന്തുണ എല്ലാവരുടെയും പിന്തുണ കൊണ്ട് state ക്യാമ്പ് വരെ എത്താൻ സാധിച്ചു... സർവ്വ ശക്തനു സ്തുതി. അങ്ങനെ സബ്ജില്ലാ ക്യാമ്പ് Manjeri GGHSSൽ വെച്ചായിരുന്നു..അവിടെ automatic toll system, പ്രൊജക്റ്റ് ഐറ്റംസ്, on the spot activities എന്നിവയിൽ നിന്നെല്ലാം എനിക്ക് ഡിസ്ട്രിക്റ്റ് ക്യാമ്പിലേക്ക് സെലെക്ഷൻ കിട്ടി...GBHSS തിരൂർ വെച്ചായിരുന്നു... 2day ക്യാമ്പ്... ഓട്ടോമാറ്റിക്ക് lpg gas leakage system and smart home .അവിടുന്ന് .പഠിക്കാൻ സാധിച്ചു .. അവിടെയും വിവിധ പ്രൊജക്റ്റ് making, on the spot ആക്ടിവിറ്റി എന്നിവയിലൂടെ state ക്യാമ്പിലേക്ക് സെലെക്ഷൻ കിട്ടിയപ്പോൾ വളരെയധികം സന്തോഷമായി.... സെലക്ഷന് ശേഷം idea present ചെയ്തു.. എന്റെ idea തന്നെ മലപ്പുറത്തെ 3idea യിൽ നിന്ന് select ചെയ്തു.. തിരുവനന്തപുരത്തു വെച്ചായിരുന്നു ക്യാമ്പ് തീരുമാനിച്ചത്.. അതും ICFOSS ന്റെ ഉള്ളിൽ... Kite ലെ teachers ന്റെ കൂടെയായിരുന്നു യാത്ര തീരുമാനിച്ചത് .ഏറെ ദിവസങ്ങളായുള്ള ആഗ്രഹമായിരുന്നു kite ടീമിന്റെ കൂടെ തലസ്ഥാന നഗരിയിലേക്കുള്ള യാത്ര.അങ്ങനെ ആ ദിവസം വന്നെത്തി .. മലപ്പുറം kitile പ്രവീൺ സാറായിരുന്നു ഞങ്ങൾ 7പേരെ നയിക്കാനായി ഉണ്ടായിരുന്നത്..കണ്ടുള്ള പരിചയം മാത്രമാണെങ്കിലും പിന്നീട് സ്നേഹത്തോടെയുള്ള സാറിന്റെ ഇടപഴകൽ ഒരിക്കലും മറക്കാനാവാത്തത്



തന്നെ... സാറിന് സ്നേഹം മാത്രം ... ഞങ്ങൾ ഉച്ചക്ക് 2മണിക്ക് പുറപ്പെട്ടു.... ദിവസങ്ങളുടെ പ്രയത്നം കൊണ്ട് പൂർത്തീകരിച്ച സ്മാർട്ട് ഹെൽമെറ്റും സൈക്കിളും കൊണ്ടായിരുന്ന യാത്ര...കൂറെ ദിവസങ്ങൾ എല്ലാത്തിനും കൂടെ നിന്ന് നിർമ്മാണത്തിൽ പൂർണ്ണ മായി സഹായിച്ച യഹ്‌യയെ കുറിച്ച് പറയാതിരിക്കാൻ വയ്യ.. പിന്നെ അവിടെ ഇതെല്ലാം എത്തിക്കുന്നത് ചിന്തിക്കുമ്പോൾ മന പ്രയാസമുണ്ടായിരുന്നെങ്കിലും പ്രവീൺ സാറിന്റെ സഹായത്തോടെ വലിയ പ്രയാസമില്ലാതെ എത്തിക്കാൻ കഴിഞ്ഞു....വലിയ സ്വീകരണമായിരുന്ന അവിടെ കിട്ടിയത്... വിദ്യാഭ്യാസമന്ത്രിയും കൂടെ ഉന്നത പദവിയിലിരിക്കുന്ന പല വ്യക്തികളുമായും അടുത്തിടപഴകാൻ സാധിച്ചു....... മലപ്പുറം ജില്ലയിൽ നിന്നും എന്റെ പ്രോഡക്റ്റ് ആയിരുന്ന അവതരിപ്പിക്കാൻ select ചെയ്തത്... സർവ്വ ശക്തന്റെ സഹായത്താൽ നന്നായി അവതരിപ്പിക്കാൻ സാധിച്ചു... മീഡിയക്കാരുടെയും പ്രമുഖരുടെയും മുന്നിൽ അവതരിപ്പിക്കേണ്ടിയിരുന്നു.... അൽഹംദുലില്ലാഹ്... നല്ല രീതിയിൽ ചെയ്യാൻ സാധിച്ചു...kite ന്റെ മേധാവി അൻവർ സാദത്ത് സാറുമായും പല ideaസും ഷെയർ ചെയ്യാൻ സാധിച്ചതിൽ സന്തോഷമുളവാക്കി... ...

കൂടെയുണ്ടായ മലപ്പുറം ടീം ,എല്ലാത്തിനും പൂർണ്ണ സഹകരണമുള്ളവരും കുറഞ്ഞ സമയം കൊണ്ട് ആത്മ ബന്ധമുള്ളവരും ആയിത്തീർന്നു....ആദ്യ ദിവസം ഉത്ഘാടനത്തിന് ശേഷംനടന്ന ക്ലാസ്സ് എന്തു കൊണ്ടും പറയാനാവാത്ത വൈദഗ്ദ്യം ഉള്ളവരുടെ അനുഭവം നുകരാൻ പറ്റുന്ന AI ക്ലാസ്സ് about Innovation...അങ്ങനെ അന്നത്തെ ക്ലാസ്സൊക്കെ കഴിഞ്ഞു നല്ലസൗകര്യം ഉള്ള ac റൂമിലായിരുന്ന അന്തിയുറക്കം.... പിറ്റേന്ന് രാവിലെ നേരത്തെ എണീറ്റു ready ആയി ഇന്റർനാഷണൽ സ്റ്റേഡിയത്തിലൂടെ സവാരി നടത്തി...പ്രാതൽ കഴിച്ചു ക്ലാസ്സിൽ കയറി. ആനിമേഷൻ ക്ലാസ്സ് ആയിരുന്ന തുടക്കത്തിൽ... പിന്നീട് മഞ്ചാടി studio, നിർമ്മാണത്തിൽ ഇരിക്കുന്ന കാത്തു കഥകൾ (റിലീസ് ആകാത്തത് )എന്നിവയെല്ലാം കണ്ടു.. Video എഡിറ്റിങ്, ഡ്രോൺ ടെക്നോളജി,3Dprinting എന്നിവയെല്ലാം ചെയ്തു കാണിച്ചു തന്നു... ഡ്രോൺ പറത്തുന്നത് practice ചെയ്തു... ഇങ്ങനെയെല്ലാം ധാരാളം മറക്കാൻ കഴിയാത്ത ഓർമ്മയിൽ കുറിക്കാവുന്ന അനുഭവസമ്പത്ത് തന്നെയായിരുന്ന രണ്ടു ദിവസത്തെ ക്യാമ്പ്....അവസാനദിവസം രാത്രി സാറെ കൂടെ ലുലുമാൾ കറങ്ങി.....സാറിന്റെ സ്നേഹം അവിടുന്നും അനുഭവിക്കാൻ കഴിഞ്ഞു ഇനിയും ഇങ്ങനെ ക്യാമ്പുകളിൽ പങ്കെടുക്കാൻ സർവ്വ ശക്തൻ തുണക്കട്ടെ എന്ന പ്രാർത്ഥനയോടെ വീട്ടിലേക്കു മടങ്ങി...

**HADINOUSHIN A**
**9-G**

# THE BEAUTIFUL NATURE



RIFA MUSHTHAQ V
8:D

Come with me to see the beauty of nature
The nature God gave us
Feel the beauty of nature
The birds chirping on the trees
The slowly blowing pleasant and breeze

Take a moment; put your worries behind
Listen to nature composing the clatters of leaves
The sound of whispering of the trees
That sends The mind into a dream

The luster of sunrise tells us that
Everyday is a new day
The Luster of sunset tells us that
It is the end of a day
Nature around us is a wonderful place
Thank you God for the nature that you gave



# ഓർമ്മയിലെ ബാല്യം



**MUHAMMED RADIN KP**
8 D

എന്നും മനസ്സിൽ മായാതെ നിലനില്ക്കുന്ന മധുര ഓർമ്മകളാണ് ബാല്യം. അതിലെ സന്തോഷം, കളികൾ, ബന്ധങ്ങൾ , രുചികൾ, വിശ്വാസങ്ങൾ—ഇന്നും മനസ്സിലൊളിച്ചിരിക്കുന്നു.

വേനലവധിയുടെ സ്വർണ്ണ നിമിഷങ്ങൾ

ബാല്യകാലത്തിലെ ഏറ്റവും ആകാംക്ഷയോടെ കാത്തിരിയ്ക്കുന്ന കാലഘട്ടം വേനലവധി ആയിരുന്നു. സ്കൂളിൽ അവസാന ദിന Bell അടിച്ചയുടനെ അവധിക്കൊരായിരം സ്വപ്നങ്ങൾ! അന്ന് ഉമ്മയോട് ചേർന്ന് അതിന് ഒരൊരുക്കം തുടങ്ങും.

വേനലവധിയുടെ പകുതിയോളം നോമ്പ് ദിനങ്ങളായിരുന്നു. രാവിലെ മുതൽ ഉച്ചവരെയും തളർന്നു കിടന്നുറങ്ങും, എന്നാൽ വൈകുന്നേരം നിറയെ കളി! ഫുട്ബോൾ,ക്രിക്കറ്റ്, ഷട്ടിൽ,, കണ്ണുപൊത്തി കളി തൊട്ടു കളി —എന്തെല്ലാം കളികളാ! അപ്പോഴേക്കും നോമ്പിന്റെ ഉണങ്ങിയ ചുണ്ടുകളും വിശപ്പും മറന്നു പോകും. അതിനുശേഷം കിച്ചണിൽ നിന്ന് പടർന്നുവന്ന സമോസ, പത്തിരി ചിക്കൻ കറി എന്നിവയുടെ മണം കാറ്റു കയറും. നോമ്പ് കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം പെരുന്നാൾ! പെരുന്നാൾ ആനന്ദകരമായ ദിവസമായിരുന്നു എനിക്ക് .

അതിനുവേണ്ടി തലേദിവസം പടക്കങ്ങൾ പൊട്ടിക്കൽ ഒരു മഹാ ഉത്സവം തന്നെയായിരുന്നു. ഒറ്റക്കല്ല, അനിയനും ചങ്ങാതിമാരും കൂടെ ഉണ്ടാകും. അന്നത്തെ ആ ആവേശം സന്തോഷം ഇന്നും ഹൃദയത്തിലുണ്ട്. പെരുന്നാളിന് പുതിയ കുപ്പായമണിഞ്ഞ് ഈദ് ഗാഹിനു പോകൽ കുടുംബാംഗങ്ങളെ കാണുന്നതും .ഉമ്മാന്റെ വീട്ടിലേക്ക് പോകും. അവിടെയൊരു വിരുന്നില്ലാതെ പെരുന്നാൾ പൂർത്തിയാകില്ല! കുറച്ച് ദിവസങ്ങൾ അവിടെ ചെലവഴിക്കും. എന്റെ ഉമ്മമ്മയുടെ ബിരിയാണി ഹോ, അതിന്റെ രുചി മനസ്സിൽ നിന്നും മായുന്നില്ല .



വേനലവധിയിൽ ഭക്ഷണം തന്നെ കളം പിടിച്ചിരിക്കും! വീട്ടിനടുത്ത് ഒരു വലിയ മാവുണ്ടായിരുന്നു. അതിൽ നിന്ന് ചങ്ങാതിമാരെ കൂട്ടി മാങ്ങ പറിച്ച്, ഉപ്പും മുളകും ചേർത്ത് കഴിക്കുമായിരുന്നു. കൈത്തണ്ടയിൽ ഒന്ന് ഒതുക്കിയിരുത്തി ഉപ്പും മുളകും പൊടിച്ച് തേക്കുമ്പോഴത്തെ രുചി—ഇന്ന് ആലോചിക്കുമ്പോഴും നാവിൽ വെള്ളമൂറുന്നു!

വേനലവധി അവസാനിക്കുമ്പോൾ പുതിയ സ്കൂൾ തുറക്കാനുള്ള ആകാംക്ഷയും സന്തോഷവും മനസ്സിനെ നിറക്കും. അടുത്ത ക്ലാസിലേക്ക് പോകാൻ പുതിയ പുസ്തകങ്ങൾ വാങ്ങണം, ബാഗും കുടയും തയാറാക്കണം. അപ്പോഴത്തെ പുതിയ യൂണിഫോം തയപ്പിക്കൽ എന്നതൊരു വലിയ പരിപാടിയായിരുന്നു. അന്നത്തെ ചെറിയ സംഭവങ്ങൾ വലിയ ആവേശമായിത്തോന്നുമായിരുന്നു.

അന്നത്തെ വിശ്വാസങ്ങളും ഇന്നത്തെ ചിരിയും


ബാല്യത്തിൽ ഏതൊരു കാര്യവും ഉമ്മയും ഉപ്പയും പറഞ്ഞാൽ വിശ്വസിക്കും. ഞാൻ ഇന്നും ഓർക്കുന്ന ഒരു ചെറിയ അടവ് ഉണ്ട്—"ഭൂതം വരും" എന്ന് പറഞ്ഞ് ഉമ്മയുടെ ചോറ് കഴിപ്പിക്കൽ! അന്ന് അതിനെ ശരിക്കുമൊരേ ഭയമായിരുന്നു. ഇന്ന് ആലോചിച്ചാൽ പുഞ്ചിരി വരുന്നു!ഒടുവിൽ...ഇന്ന് ആ ഓർമ്മകളെ പൊടിമണൽ കൊണ്ട് മൂടാനാവില്ല. അവിടെനിന്ന് ജീവിതം മുന്നോട്ട് പോയിരിക്കുന്നു, കാലം മാറിയിരിക്കുന്നു. പക്ഷേ ആ ബാല്യകാലം, അതിലെ അനുഭവങ്ങൾ, സുഹൃത്തുക്കളും കുടുംബവും ഉണ്ടാക്കിയ അനുഭവങ്ങൾ—എന്നിൽ ഒരിക്കലും അപ്രത്യക്ഷമാകില്ല.

"ഓ... അതൊക്കെ ഒരു കാലം....

# യാത്ര



SHIHAD MUHAMMAD
PUTHALATH
10-I



**വഴി നീളെ സഞ്ചരിച്ച്
കാൽപ്പാടുകൾ പതിച്ച്
പുഴ ഒഴുകുന്നതുപോലെ
യാത്ര തുടരുന്നു**

**മുന്നോട്ട് കുതിക്കുമ്പോൾ
ഓർമ്മകളുടെ മാധുര്യം
മനം നിറയ്ക്കുമ്പോൾ
പുതിയ സ്വപ്നങ്ങൾക്ക്
ചിറക് മുളക്കുന്നു**

# Shattered trust






SHIFA NAZLI
9-B

Have you been so disappointed
When somebody proves you wrong…
When you trusted them with secrets
Hoping they would play along…
When you put your faith in friendship
And all that it proves to be…
When you find out that the gossip
Turned out to be me…
Betrayal, sharp as winter’s chill
Leaves me broken standing still.
The trust I placed now turned to dust
In empty glass broken unjust







**GAYATHRI**
**8G**

യാത്രകൾ എന്നും നമുക്ക് സമ്മാനിക്കുന്നത് നല്ല നല്ല അനുഭവങ്ങൾ ഓർമ്മകളും ആണ് .പ്രതീക്ഷിക്കാതെ വന്നൊരു യാത്രയായിരുന്നു അത് അതുകൊണ്ട് അതിനു ഇത്തിരി  മാധുര്യം കൂടി .ഒരു ഞായറാഴ്ചയായിരുന്നു, അന്ന് കോഴിക്കോട്ടേക്ക് ഒരു ആവശ്യത്തിനായി പോയി തിരിച്ചുവരുമ്പോൾ അച്ഛൻ കടൽ തീരത്തേക്ക് പോയാലോ എന്ന് ചോദിച്ചു. ഞങ്ങൾ വളരെ സന്തോഷത്തിലായി .കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന സമുദ്ധാതീരത്തേക്ക് യാത്ര തുടങ്ങി. ദൂരെ നിന്ന് നോക്കിയാൽ തന്നെ കടലുകാണമായിരുന്നു ആകാശവും കടലും ഒന്നാണെന്നു തോന്നിപ്പോകും. കൂടണയുന്ന കാക്കക്കൂട്ടങ്ങളും ഭൂമിയെ ചന്ദ്രൻറെ നിലവിലേക്ക് പറഞ്ഞയക്കുന്ന സൂര്യനെയും കണ്ടു. ആ സായാഹ്നത്തിൽ പല നിറങ്ങൾ മാറിമാറി ആകാശത്ത് പ്രത്യക്ഷപ്പെട്ടു. നമ്മെ വിഴുങ്ങാൻ വരുന്നതുപോലെ തിരമാലകൾ ഇടവേളകൾ ഇല്ലാതെ വന്നുകൊണ്ടിരുന്നു. അവതിരിച്ച് തീരത്തെ പാറകളിൽ തട്ടി പതഞ്ഞ് വീണ്ടും കടലിലേക്ക് ലയിക്കുവാൻ പോകും. മിന്നി മായുന്ന വൈദ്യുത ബൾബുകൾ പോലെ ബോട്ടുകൾ രാത്രി ആയപ്പോഴേക്കും തീരമണയാൻ എത്തുന്നുണ്ട് . കടൽ തീരത്തോട് ചേർന്ന് നല്ല ഒരു നടപ്പാതയും ഉണ്ട് .നമ്മെ തഴുകി ഇറക്കുന്ന കാറ്റുകൾ വീശിക്കൊണ്ടിരിക്കുന്നു നടപ്പാതയിലൂടെ കാറ്റിന്റെ കുളിർമയിൽ ലയിച്ചു  നടന്നു. എത്ര കണ്ടാലും മതിവരാത്ത ഒരു കാഴ്ചയാണിത്. പ്രകൃതി നമുക്ക് നൽകുന്ന ഓർമ്മകൾ ഒരിക്കലും മറക്കാനാവാത്തതാണ്.

# HER INNER VOICE



AZEEN
10-F

After holding back
All these years...
The mother earth has finally spoken
The sorrow,
The grieve,
She kept it within herself,
All these years...
But now she has had enough.

She has finally spoken
Loud enough
To make her voice heard
All these years...
She suffered...
The cruel deeds of man who considered himself,
Noble and powerful,
Had made her miserable.

They cared about no one,
They cared about nothing,
Took what they needed
And deserted them...
Now she is finally coming forth
Expressing her hidden emotions
That she had locked up,
For their sake.

A small tremor,
A few rains,
But a big outcome
She is furious...
Filled with agony...
No kindness,
No sorrow,
Just like how man had treated her
All these years...

Her bottled up emotions
Finally spilled
They came forth
And now they are going strong
Not holding back,
She expressed all of it... Every last bit.

She wanted the man to suffer,
She wanted them to feel
The pain
The helplessness,
The sorrow,
Not being able to fight back.
She is enraged..
She wanted them to know
That they are not the ones to control
And that,
They are only surviving because of her...
She was not the one to be tossed around...
As she, is the reason they live.

She showed her understanding,
She showed kindness,
In return they showed nothing...
She was the one holding back
For them to survive
For them to continue to strive
But... Now she has had enough.

All it takes is a few seconds
Just a few trembles,
A little wind, a little rain,
That's all it takes
But man forgot about it
Man forgot,
They were under her mercy...
That was a grave mistake
A mistake they should have never made

As now,
They are suffering...
All the things man did to her
She returned it...
She made her voice loud enough
All throughout the world
That she was the one to rule
And it has been like that
Ever since the beginning...

# ഉരുൾ പ്രതിസന്ധിയിൽ നിന്നൊരു പുനരധിവാസ പ്രതീക്ഷ !!....



AHSAN RAYYAN K P
9 C

'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന നമ്മുടെ കൊച്ചു കേരളത്തിൽ പതിനാല് ജില്ലകളുണ്ട്. ഓരോ ജില്ലയും ഭൂപ്രകൃതിയിലും ജനസംഖ്യയിലും ജനസാന്ദ്രതയിലും വ്യത്യസ്തമാണ്.
കാടും പുഴകളും തോടും തുടങ്ങി പ്രകൃതിയുടെ വരദാനങ്ങളാൽ സമ്പൽസമൃദ്ധമാണ് കൊച്ചു കേരളം.പച്ച വിരിച്ച കുന്നുകളും പീലി നിവർത്തി നിന്നാടുന്ന കൊച്ചു കേരമരതകത്തോപ്പുകളും വേറിട്ടൊരു കാഴ്ചയാണ്.

എന്നാൽ,മനോഹരിതയിൽ കുളിച്ച കേരളത്തിന് വിവിധ മേഖലകളിൽ വിവിധ വിധത്തിൽ പ്രതിസന്ധികളേറെയാണ്. പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചപ്പോൾ പ്രകൃതി മറുപടിയായി നൽകിയ തിരിച്ചടി ഈ വിഷയത്തിൽ പ്രസക്തിയാർജ്ജിക്കുന്നു. ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും നിറഞ്ഞ മനസ്സുകളോടെ സുഖനിദ്രയിലാണ്ട ഒരുകൂട്ടം മനുഷ്യരെ അർദ്ധരാത്രിയിൽ ഇരച്ചെത്തിയ മലവെള്ളപ്പാച്ചിൽ ആ പ്രദേശമടക്കം കൊണ്ടു പോയത് മനുഷ്യ മനസ്സുകളിൽ ഇന്നും നിലകൊള്ളുന്നു. വയനാട്ടിൽ നടന്ന ഈ ദുരന്തം പിന്നീട് ഒരു ആഴ്ചയോളം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ നിറഞ്ഞു നിന്നു.2013-ൽ പ്രസിദ്ധ പരിസ്ഥിതി ഗവേഷകനായ 'മാധവ് ഗാഡ്ഗിൽ' പറഞ്ഞ വാക്കുകൾ സമൂഹ്യ മാധ്യമങ്ങളിൽ ഉയർന്നു പൊങ്ങി.2018ൽ കവളപ്പാറയിലും പുത്തുമലയിലും നടന്നതിനേക്കാൾ ഭീകരമായ രീതിയിലാണ് ജൂലൈ 30-ന് വയനാട്ടിൽ നടന്നത്. ഇവിടെ പ്രതിസന്ധിയെന്തെന്നാൽ,എത്രയോ പേർക്ക് വീടും സമ്പത്തും നഷ്ടമായി.പനരധിവാസ പ്രവർത്തനങ്ങൾ നടത്താൻ ചെറു സംഘടനകൾ രംഗത്ത് വരുന്നുണ്ടെങ്കിലും "ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ പ്രതിനിധികൾ" എന്ന് ജനാധിപത്യത്തിന് അബ്രഹാം ലിങ്കൺ നിർവ്വചനം നൽകിയതനുസരിച്ച് അത് ഭരണകൂടത്തിന്റെ അഥവാ ഭരണാധികാരികളുടെ ഉത്തരവാദിത്വമാണ്.



പ്രതീക്ഷകൾ സ്വപ്നംകണ്ട് ദിവസങ്ങൾ കഴിച്ചു കൂട്ടുക-എന്നതല്ലാതെ നിവർത്തിയില്ലാത്ത ഒരു പറ്റം മനുഷ്യമനസ്സുകളെ ഓർമ്മിക്കാൻ ഇന്നാരുമില്ല.ചലച്ചിത്ര രംഗത്ത് പ്രസിദ്ധരായ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അടങ്ങുന്ന ഹേമ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചയിലാണ് രാഷ്ട്രീയ നേതാക്കളും സാമൂഹ്യ പ്രവർത്തകരും.പുനരധിവാസമാണ് ഇനി പ്രതീക്ഷ.ആ പ്രതീക്ഷ കൈ വിടാതെ ഇന്നും ജീവിക്കുന്ന മുഖങ്ങൾ സഹായഹസ്തത്തിനായി കേണപേക്ഷിക്കുന്നതുപോലെ തോന്നും.

അവരുടെ പ്രതീക്ഷ എല്ലാവർക്കും ഒരു അവരമാണ്.'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ശ്രീ നാരായണഗുരുവിന്റെ വാക്കുകൾ ഈ വിഷയത്തിൽ പ്രാധാന്യമേറിയതാണ്.അവിടെയുള്ളവർക്ക് മത-ജാതി-വർണ്ണ-വർഗ്ഗ ഭേദമന്യേ സഹായ ഹസ്തമായി മാറിക്കൊണ്ട് നമ്മൾ ഏത് മതക്കാരായാലും നല്ലവരായി ജീവിക്കാനുള്ള അവസരമായി കാണാൻ നമുക്ക് സാധിക്കണം.
"ജാതി വേണ്ട,മതം വേണ്ട,ദൈവം വേണ്ട മനുഷ്യൻ ഒന്നായാൽ മതി" എന്ന ഇന്ത്യ കണ്ട ഏറ്റവും നല്ല സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാന നായകനുമായ സഹോദരൻ അയ്യപ്പന്റെ ഉദാരണിയിലെ വിശാലമായ ആശയം സംഗ്രഹിച്ച് അത് പ്രാവർത്തികമാക്കാനുള്ള അവസരമായി കാണണം.ആദ്യത്തെ മോട്ടോർ കാർ നിർമ്മിക്കുകയും പതിനൊന്നു വർഷങ്ങൾക്കിപ്പുറം 'ഫോർഡ് മോട്ടോർ കമ്പനി' സ്ഥാപിക്കുകയും ചെയ്ത ഹെൻറി ഫോർഡിന്റെ "എല്ലാം നിങ്ങൾക്കെതിരാണെന്ന് തോന്നുമ്പോൾ,വിമാനത്തെ ഒർക്കുക അത് കാറ്റിനെതിരെയാണ് പറക്കുന്നത്,അതിനോടൊപ്പമല്ല" എന്ന വചനത്തിലൂടെ കേരളം അനുഭവിക്കുന്ന പ്രതിസന്ധികൾ കണ്ട് തളരാതെ അതിനെതിരെ പോകാൻ നമുക്ക് സാധിക്കട്ടെ!.
'ഉരുൾ ദൂരന്തം' എന്ന കേരളത്തിലെ ഈ സമകാലിക പ്രതിസന്ധിയിൽ പ്രതീക്ഷയുടെ കണ്ണുകൾക്ക് പുനരധിവാസം ഒരുക്കാൻ പ്രളയങ്ങളെയും മറ്റു പ്രതിസന്ധികളെയും അതിജീവിച്ച കേരളക്കരക്ക് സാധിക്കട്ടെ എന്ന് പ്രത്യാശിക്കാം!!.....

# കേരളം ,പ്രതിസന്ധികളും പ്രതീക്ഷകളും



FATHIMA RIYA
10 F

'ദൈവത്തിന്റെ സ്വന്തം നാട', കളം കളം ഒഴുകുന്ന പുഴകൾ,തോടുകൾ,കാറ്റിനൊപ്പം നൃത്തം ചെയ്യുന്ന വൃക്ഷങ്ങൾ,മണ്ണിൽ നിലാവിന്റെ പുഞ്ചിരിയിൽ ഓടിക്കളിക്കുന്ന കുഞ്ഞുങ്ങൾ,കുളങ്ങളെ മനോഹരമാകുന്ന ആമ്പലുകൾ. ആഹാ ! ഇതെല്ലാം കേൾക്കുമ്പോൾ തന്നെ,കുഞ്ഞു ഹൃദയങ്ങളിൽ പോലും തെളിയുന്ന ആ നാട്.അതേ കേരളം! മതങ്ങളും ജാതികളും കെട്ടുപണിത വൻമതിലുകൾ വരെ പൊളിച്ചുകളഞ്ഞവരാണ് കേരളീയർ. കേരളം,അതൊരു കൊച്ചു പൂന്തോപ്പാണ് . എന്നാൽ,ചില സമയങ്ങളിൽ ദൈവത്തിന്റെ സുരക്ഷിതമായ, കൈകളിൽ നിന്ന് കേരളം കാലന്റെ കൈകളിലേക്കെത്തും.അതിന് ചില ഉദാഹരണങ്ങളാണ് കുറച്ചാണ്ടുകളായി നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ഓരോ അപകടങ്ങളും ദുരിതങ്ങളും. വയനാട്ടിൽ കഴിഞ്ഞ നാളുകളിൽ ഉണ്ടായ ഉരുൾപ്പൊട്ടലും, വെള്ളപ്പൊക്കവുമെല്ലാം അതിന്റെയൊരു ഉദാഹരണം മാത്രമാണ്.അതിന്റെ കാരണവും നമ്മുടെ നാടിന്റെ അവസ്ഥയാണ്. സുരക്ഷിതമില്ലാത്ത കെട്ടിടങ്ങൾ,വിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നങ്ങൾ എന്നിവയെല്ലാം കാരണങ്ങളിൽ ചിലതാണ്.




വിദ്യാഭ്യാസരംഗം എടുത്താൽ തന്നെ ഒരുപാട് പ്രശ്നങ്ങൾ കാണാനാവും. പൊളിഞ്ഞുവീഴാറായ സ്കുൾകെട്ടിടങ്ങൾ,മഴപെയ്താൽ ചോർന്നൊലിക്കുന്ന സ്കൂളുകൾ,സമൂഹത്തിന്റെ പല വിഭാഗങ്ങളും പ്രാഥമിക പഠനം പോലും പൂർത്തിയാക്കാതെ സ്കൂളുകളിൽ നിന്ന് ഒഴിഞ്ഞുമാറുന്നു...ഇങ്ങനെ തുടങ്ങി വിരലിലെണ്ണാൻ കഴിയാത്ത വിധം പ്രശ്നങ്ങളും പ്രതിസന്ധികളുമാണ് കേരള വിദ്യാർത്ഥികൾ നേരിട്ടുകൊണ്ടിരിക്കുന്നത്.ഇന്ത്യയിൽ നടന്ന സർവേ അനുസരിച്ച് കേരള വിദ്യാഭ്യാസരംഗത്തെ് കേരളം പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ്.അതിന്റെ പ്രധാന കാരണം നിലവാരമില്ലാത്ത പാഠപുസ്തകങ്ങൾ തന്നെയാണ്.മറ്റു സംസ്ഥാനങ്ങളിൽ, വിദ്യാർത്ഥികൾ കൗമാര പ്രായത്തിൽ എത്തുമ്പോഴേക്കും അവരുടെ കഴിവുകൾ കണ്ടെത്താനും,അത് വികസിപ്പിക്കാനുമുള്ള വഴി ഒരുക്കിക്കൊടുക്കുന്ന വിദ്യാഭ്യാസരീതിയും പാഠഭാഗവുമാണുള്ളത്. കേരളത്തിൽ,പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ് തുടർവിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കാതിരിക്കുന്നതും ഒരു വേരുറച്ച കാരണമാണ്

വിദ്യാഭ്യാസം പോലെ മറ്റൊരു മേഖലയാണ് ടൂറിസവും. ടൂറിസത്തിനുള്ള അവസരങ്ങൾ പ്രകൃതി തന്നെ ഒരുക്കി തരുന്നുഎന്നത് ഒരു വലിയ സത്യമാണ് . കായലുകളും,കടലുകളും,കാടുകളും,ഗുഹകളും തുടങ്ങി കേരളത്തെ മനോഹരമാക്കുന്ന കാഴ്ച്ചകളെല്ലാം നമുക്ക് മാത്രമല്ല, വിനോദ സഞ്ചാരികൾക്കും

ഒരു സ്വർഗ പൂന്തോപ്പാണ് . എന്നാൽ, ടൂറിസം മേഖലയിൽ വലിയൊരു ശ്രദ്ധ ചെലുത്തുന്നില്ല എന്നത് കേരളത്തിന്റെ ടൂറിസം മേഖലെയേയും,സാമ്പത്തിക മേഖലയേയും വലിയ തകരാരിലാക്കുന്നു . കാടുമൂടി കിടക്കുന്ന പാർക്കുകൾ , മലിനീകരണമായ കടൽതീരങ്ങൾ തുടങ്ങി ഒരുപാട് പ്രതിസന്ധികൾ ഈ മേഖലയിലും കാണാനാവും. മാലിന്യങ്ങൾ ഒഴിവാക്കി ,വൃത്തിയായി സൂക്ഷിക്കേണ്ട കടൽത്തീരങ്ങളും, ഉൾവനങ്ങളും, മഞ്ഞിനാൽ പുതച്ചുറങ്ങുന്ന മലകളും മാലിന്യങ്ങളും ചപ്പ്ചവറുകളും നിറഞ്ഞ് വൃത്തികേടായികിടക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, ചില വാർത്തകളും മറ്റും കേരളക്കരയുടെ കണ്ണ് തിളങ്ങിപ്പിക്കുന്നതാണ് .ഇപ്പോൾ കേരളക്കരയിൽ വളർന്നുപൊങ്ങുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളുടേയും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനവും കേരള ഹൃദയങ്ങളിൽ പ്രതീക്ഷയുടെ വെളിച്ചം ഉയർത്തുന്നതാണ് . കുറച്ചു കാലങ്ങളായി സ്കൂളുകളിൽ നടത്തിവരുന്ന മോട്ടിവേഷൻ ക്ലാസുകളും മറ്റും വിദ്യാർത്ഥികൾക്ക് തങ്ങൾക്കെതിരേ വിശുന്ന കൊടുങ്കാറ്റിനെപോലും മറിക്കടക്കാൻ പ്രാപ്തരാക്കുന്നു. കുട്ടികളുടെ കലയും മറ്റും വികസിപ്പിക്കാനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന കലോത്സവവും പുത്തൻ പ്രതീക്ഷകൾ ഉയർത്തുന്നതാണ്.

ടൂറിസം മേഖലയിലും, ആരോഗ്യമേഖലയിലും ഇതുപ്പോലെ വികസനങ്ങൾ വരുന്നത് ജനഹൃദയളെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളാണ് . റോഡുകളുടേയും, പാലങ്ങളുടേയും വികസനവും ഇതിന്റെയൊരു ചെറുസൂചനയാണ്. ആരോഗ്യരംഗത്ത് പുതുതായിവന്ന ആധുനിക ഉപകരണങ്ങളും ,ആശുപത്രികളുടേയും ലാബുകളുടേയും വികസനവും കേരളത്തിന് പ്രതീക്ഷയേകുന്നതാണ് .ഇതുപോലെയുള്ള വികസനങ്ങൾ നാളെയും കേരളത്തിന് കാഴ്ചവെക്കാൻ കഴിയും എന്നത് കേരളത്തിന്റെ സ്വപ്ന പ്രതീക്ഷയാണ് .

# ഇരുളിൽ മറഞ്ഞ പകലുകൾ

"നിത്യം മുടങ്ങാതെ കണ്ണിൻ കുളിരേകു-
വാനോടിയെത്തുന്ന മുല്ലയെവിടെ"?
ഇന്നലെപ്പെയ്ത പേമാരിതൻ
ശക്തിയിൽ വാടിത്തളർന്നു മറഞ്ഞതാവാം..

"നേരം പുലർച്ചയിൽ കൂരിരുൾ നീക്കി-
പിന്നോടിക്കിതച്ചെത്തും സൂര്യനെവിടെ"?
ഇന്നലെ പെയ്ത പേമാരിതൻ ശക്തിയിൽ
മുല്ലകൾക്കൊപ്പം ഒലിച്ചതാവാം..

"ഇന്നലെ സന്ധ്യയിൽ ഒരുനൂറുസ്വപ്ന-
ങ്ങൾക്കൊപ്പം ഉറങ്ങിയ മക്കളെവിടെ" ?
ഇരുളിൽ മറഞ്ഞ പകലുകൾക്കൊപ്പ-
മൊന്നിച്ചൊരു ദമനിയിലൊലിച്ചതാവാം ..

ആരാരുമില്ലാതെ മൂകയായ് കേഴുന്ന
കുയിലു തൻ ശബ്ദങ്ങൾ കേൾപ്പതില്ലേ.

എങ്ങോ മറഞ്ഞു പോയ്
കോരിത്തണുപ്പിക്കും കാറ്റും -
മലനാടിനൈശ്വര്യവും ...

# അനന്തനിദ്രയിലാണ്ടവർ



PRANAVYA P A
9G

വിശാലമായ ഒരു ശ്മശാനം . എങ്ങും നിശ്ശബ്ദതയുടെ സംഗീതം. അവിടെ വീശുന്ന കാറ്റ് തെളിനീരുറവപോലെ ശീതളമാണ്. വിജനമായ ആ പ്രദേശത്ത് കാണാൻ കഴിയുക ഒരാളെ മാത്രം . ഏകാന്തതയുടെ പരിഭ്രാന്തിയിൽ വിങ്ങിനടക്കുന്ന അയാൾ മാത്രം ! ആ ശ്മശാസത്തിൽ നിദ്രയിലാണ്ടുപോയ ആത്മാക്കൾക്ക് കൂട്ടായി അവനുണ്ടവിടെ ! ഒരു ദിവസം വിദേശത്ത് താമസിച്ചുകൊണ്ടിരുന്ന ജോൺ തന്റെ നാട്ടിലേക്ക് യാത്ര തിരിച്ചു. സ്വന്തം കുടുംബാംഗങ്ങളെക്കാണാൻ.തണുത്ത് മരവിച്ച രാത്രിയിൽ സ്ട്രീറ്റ് ലൈറ്റിന്റെ പ്രകാശം ജോണിന്റെ കാറിന് മുന്നോട്ട് നീങ്ങാൻ സഹായകമായി .

ആ ശ്മശാനത്തിന് മുന്നിലെത്തിയപ്പോൾ കാർ നിശ്ചലമായി . ഒറ്റക്കായിപ്പോയ ജോണിന് സഹായം ചോദിക്കാൻ ആരുമില്ലാ ! മെല്ലെ മെല്ലെ അവൻ മുന്നോട്ട് നടന്നു. നിശ്ശബ്ദതയുടെ താഴ്വാരത്തിൽ അവന്റെ കാലടിശബ്ദം പ്രതിധ്വനിച്ചു. ഇടയ്ക്ക് അവനൊന്നു നിന്നു. ശ്മശാനത്തിന് മധ്യേ ഒരാളുടെ നിഴൽ, അവൻ ഇടറിയ ശബ്ദത്താൽ ചോദിച്ചു. ആ... ആരാ ! ആ നിഴൽ അവന് നേരെ ചലിക്കുന്നതായി അവനു തോന്നി.അവൻ സധൈര്യം മുന്നോട്ട് നടന്നു. ജോൺ നിഴലിന് നേരെ നിവർന്നു നിന്നു.....

അവൻ ചോദിച്ചു .“ഈ പാതിരാത്രിയിൽ ശ്മശാനത്തിനു മധ്യത്തിൽ ഒറ്റക്കുനിൽക്കാൻ നിങ്ങൾക്കു പേടിയില്ലേ.”പാതിമറഞ്ഞ ആ മുഖം നോക്കി ജോൺ ചോദിച്ചു.നിഴൽ ഒന്നും മിണ്ടാതെ തിരിഞ്ഞു നടന്നു. കുറച്ചു മുന്നോട്ടു പോയി അവൻ പരന്ന ശബ്ദത്തിൽ പറഞ്ഞു.“പേടി !അതിന്റെ ആവശ്യമെന്താ ? ഇവിടെയുള്ളവരെന്നും എനിക്കന്യരല്ല ! ജോണിന്റെ കണ്ണുകൾ .വിടർന്നു. ഭീതിയുടെ ആഘാതത്താൽ!അവൻ നിശ്ചലനായി. ഉരിയാടാൻ കഴിയുന്നില്ലവന്! വളരെ ആയാസപ്പെട്ട് അവൻ ആ മനുഷ്യനോട് ചോദിച്ചു.“ഇവിടെയുള്ളവരൊന്നുംഅന്യരല്ലേന്നോ ! ഇവരെല്ലാം മരിച്ചു മൺമറഞ്ഞു പോയ ആത്മാക്കളാണ്.
പകയും വൈരാഗ്യവും മനസിലടക്കിപ്പിടിച്ച് ഗത്യന്തരമില്ലാതെ അലയുന്നവർ. ഇവർക്കു മുന്നിൽ ചെന്നു പെടാതിരിക്കുകയാണ് ജീവൻ രക്ഷിക്കാനുള്ള മാർഗം.” ജോണിന്റെ ഉപദേശം കേട്ട് അയാൾ പൊട്ടിച്ചിരിച്ചു. ആ അട്ടഹാസം ജോണിനെ അസ്വസ്ഥനാക്കി. “നിർത്ത്, ഈ ചിരി , ഇതെന്നെ കൂടുതൽ പേടിപ്പിക്കുന്നു.ആ മനുഷ്യൻ പറഞ്ഞു. “ഈ ആത്മാക്കളുടെ മനസ്സു കാണാൻ കഴിഞ്ഞാൽ,ഇവർ നിഷ്കളങ്കരാണെന്ന് മനസിലാവും. ജീവിതലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ കഴിയാതെ പാതിജീവിതം ജീവിച്ച് മൺമറഞ്ഞു പോയവരാണിവർ. ചിലർ ആഗ്രഹസഫലീകരണത്തിന്റെ ആഹ്ലാദമാസ്വദിച്ച് വിശ്രമിക്കുന്നവർഇവരൊന്നും ആർക്കും ഒരു ദ്രോഹവും ചെയ്യാത്തവരാണ്.ഇവരെ മനസിലാക്കുകയാണ് ഇവർക്കായി ചെയ്യാൻ കഴിയുന്ന സത്പ്രവൃത്തി.

ഇവരുടെയെല്ലാം മനസുമനസിലാക്കിയവനാണ് ഞാൻ.അതുകൊണ്ടാണ് ഇവർക്ക് കൂട്ടായി ഞാനിവിടെ ഇരിക്കുന്നത്. നിന്നെ ഇവിടെ എത്തിച്ചതും ഇവരാണ്". "വിഡ്ഢിത്തം പറയുന്നോ , നീയിത്രയും നേരം പറഞ്ഞത് ഞാൻ കേട്ടുനിന്നു. പക്ഷേ നീ ഇപ്പോൾ പറഞ്ഞത് എനിക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല.കാരണം ഞാനിവിടെ എത്തിയത് തീർത്തും യാദൃശ്ചികം മാത്രമാണ്.എന്റെ കുടുബാംഗങ്ങളെ കാണാൻ വേണ്ടി വിദേശത്തുനിന്നു വരികയാണ് ഞാൻ. ഇതിനു മുന്നിൽ എത്തിയപ്പോൾ കാറൊന്നു ബ്രേക്ക്ഡൗണായി. സഹായത്തിനായി ആളെത്തിരഞ്ഞുവന്നതാണിവിടെ. അതെങ്ങനെ ഈ ആത്മാക്കൾ വിളിച്ചതായി നിനക്ക് പറയാൻ കഴിയും. ഇവരുമായി എനിക്കെന്തു ബന്ധം."അലറികൊണ്ട് ജോൺ പറഞ്ഞു."നീ കാണാൻ പോകുന്ന നിന്റെ കുടുംബമാണ് ഇവിടെ ഉറങ്ങുന്നത്."

ജോണിന്റെ ഹൃദയം നുറുങ്ങി. ആ വാക്കുകൾ ജോണിന് അസഹനീയമായിരുന്നു. അവന്റെ കണ്ണുകൾ അണപൊട്ടിയൊഴുകി.സങ്കടം സഹിക്കവയ്യാതെ അവൻ ഭ്രാന്തമായി അലറി."സങ്കടപ്പെടാൻ നിനക്കവകാശമില്ല... ഇത്രയുംനാൾ ഇവരെയൊന്നുതിരിഞ്ഞുപോലും നോക്കാതെ നിന്റെ സ്വാർത്ഥജീവിതം ആസ്വദിച്ചു.എന്നിട്ടിപ്പോൾ അവർ മരിച്ചതിനു ശേഷമാണോ നിന്റെ കപടസ്നേഹം കാണിക്കാൻ വരുന്നത്. കാര്യമില്ല... ജോൺ ! കാലം നിനക്ക് തന്ന തിരിച്ചടിയാണിത്. ഇത്രയും കേട്ടപ്പോൾ ജോണിന് സ്വയം നിയന്ത്രിക്കാനായില്ല അവന്റെ കുടുംബാംഗങ്ങളുടെ കല്ലറയ്ക്കുമുന്നിൽ വീണു ഹൃദയം നുറുങ്ങിക്കരഞ്ഞു.അവൻ സ്വന്തം തെറ്റുകൾ ഏറ്റുപറഞ്ഞു.വീണ്ടും ആ മനുഷ്യന്റെ ശബ്ദമുയർന്നു."ജോൺ ! അവർ ഉറങ്ങുകയാണ് !

# പ്രത്യാശയുടെ വെളിച്ചം

നക്ഷത്രങ്ങൾ ഇരുട്ടിനെ വെളിച്ചമാക്കുന്നതുപോലെ
സൂര്യൻ പകലിനെയും വെളിച്ചമാക്കുന്നു....
മനോഹരമായ പുഷ്പങ്ങൾ വിടരുന്നതുപോലെ
നാം വിടരുന്നു......
രാവിൽ നാം സ്വപ്നം കാണുന്നു
പകലിൽ നാം സഫലീകരിക്കുന്നു
ഇരുട്ടുമൂടിയ വെളിച്ചം...
കാർമേഘങ്ങൾ പകലിനെ ഇരുട്ടാക്കുന്നു
മഴ പെയ്യുന്നതിനോടൊപ്പം
സങ്കടങ്ങളും നിർഭാഗ്യവും അതിൽ അലിയുന്നു.
ചന്ദ്രൻ ഒറ്റക്കാണെങ്കിലും
അത് പ്രകാശിക്കുന്നു...
അതുപോലെ നാം പ്രകാശിക്കേണ്ടിരിക്കുന്നു.
ഇരുട്ടുമൂടിയ വെളിച്ചം....
എല്ലാം ഇരുട്ടാക്കുന്നു
നാം അത് പ്രകാശിക്കണം
അതിജീവിക്കുക,
പോരാടുക ,
എല്ലാ തടസങ്ങളും മറിക്കടക്കുക.
രാവ് പകലാകുന്നു...
പകൽ രാവ്ാകുന്നു...
അത് നിരതരം മാറുന്നതുപോലെ
നാം മാറേണ്ടതാണ്.
സങ്കടങ്ങൾ മാറ്റി വച്ച് ആസ്വധിക്കാം...
എല്ലാം കഴിഞ്ഞ് ആസ്വധിക്കരുത്
ജീവിതം വാർദ്ധാക്യം കൊണ്ടുപോകും
തിന്മകൾ മാറ്റി നന്മയിലേക്ക് മാറുക...
സങ്കടങ്ങൾ മാറ്റുക....
അതിജീവിക്കുക...
ക്രമേണെ പകൽ വെളിച്ചമാകുന്നു...
ഇരുട്ട് വെളിച്ചമാകുന്നു....
അത് പ്രത്യശയായ് മാറുന്നു...

# പരേതന്റെ വീട്

NOURAH
8L

ഇന്നേക്കുമാത്ര്രമായിനിയത് മാറണമെന്നില്ല-
യൻ പുത്ര്രന്റെ കണ്ണീരൊപ്പാൻ വന്ന അമ്മപ്പോലെ.
ഇന്നേക്കുമാത്ര്രമായുദിക്കുന്ന സൂര്യനാണെന്റെ -
മനസ്സിലിരുളിടം തേടിവന്ന കുമന്റെയൊച്ചയകറ്റാൻ...
'പരേതന്റെ നിഴലിനായ് കൊതിക്കുന്നയാ
കാലന്റേതാകാവുന്ന കാലൊച്ച കേൾക്കുന്നു ഞാൻ...
ആറ്റിതണുപ്പിച്ച കാപ്പിയിൽനിന്നിനി നീരാവിയായ് -
വരുന്ന മനസ്സോടാണോ ഞാൻ കയർത്തത് ?
വരുന്നതാരോ,പോകുന്നതാരോ എന്നിലെ -
ജിജ്ഞാസയാണോ വലുതെന്നനിക്കറിയില്ല ,
മനസ്സിൽ കിടന്നുരുണ്ടോടി മറയുന്നു ഓർമകൾ,ശൂന്യം-
വക്കുമാറ് ഇനിയെന്തെങ്കിലും ബാക്കിയുണ്ടോ?
ഓർമവെച്ചെൻ മനസ്സിൽ ഇരുളുനേടികൊട്ടുത്ത-
നീണ്ട രാത്ര്രിയോ ഞാൻ കാണുന്നു ?
പകലേ നീ സൂര്യനെ മാറ്റരുതേയപേക്ഷാണെൻ-
ആറടിമണ്ണിലെത്തുംവരെ.
കണ്ണിറുക്കി കാണിച്ചയാ കൗമുതിരാവിൽ
ഞാൻ കണ്ണെഴുതിവച്ച ദിവസങ്ങളിൽ
ഇനിയില്ലേയതല്ലാം ചോർന്നുപോയേക്കാം-
പരേതന്റെ വീട്ടിൽ.?
തടയുന്നു ഞാനിനി ഓർമയാകുന്നപടികളിൽ
നനയുന്നു ഞാനിനി കണ്ണീരിൻമഴയിൽ.
അടച്ചുവച്ച പുസ്തകത്തിൻ താളുകളിൽ
ഞാനെഴുതിവച്ച നിലാവിന്റെ രാത്ര്രികൾ ഇനിയില്ലേ?
വിശാന്തി പേറുന്ന കണ്ണിൽ,ചുണ്ടിൽ ഞാൻ
ശാന്തി പകരുന്ന ഒന്നും ഉരിയാടില്ലേ?
സ്വപ്നലോകത്തിൽ നടക്കുന്ന ചിത്ര്രശലഭ-
കുഞ്ഞുങ്ങളാംവിധം എൻ മക്കളേ....
തൊട്ടുതലോട്ടുന്ന കുളിർകാറ്റായ് , കുയിൽപാട്ടും
മധുരഗീതമായി ,മയിലാട്ടം മധുരനൃത്തരാവിൽ
ഞാനിനി ആരോരുമില്ലാതെയായിരുന്നോ?.
നിദ്രാമോഹത്തിൽ ചന്ദ്രൻ നിലാവാകുന്നതേരിൻ-
കടന്നുവരുമ്ബോൾ അല്ലലിൽ എന്നെകണ്ട് ഒളിച്ചിട്ടുമോ?
പരേതാ നീയില്ലായിനി ഗൃഹാഹ്ലാദങ്ങളിൻ -
എൻ കൂടെ കാണുന്നു ഞാൻ, കേൾക്കുന്നു ഞാൻ
മാർജാരന്റെ ശബ്ദം , കാലന്റെ മൂളൽ
ഞാനാണോ ഇനിയെന്നറിയില്ല ഇരുളാക്കാൻ-
പകലിനെ ഈ-
പരരതന്റെ വീട്ടിൽ



# ഇരുട്ടുമൂടിയ പകലുകൾ

ഇരുളിൽ മുങ്ങുമീ പകലിൻ ചില്ലകൾ
മർത്ത്യനു വെളിച്ചത്തിൻ സാന്ത്വനമേകുന്ന
ചന്ദ്രികയെ ഏറ്റം കരിങ്കാർ വിഴുങ്ങുന്നു.
ഇരുട്ടിനെ നീക്കി പ്രകാശിക്കും സൂര്യനും
മനസ്സിലെ ഇരുൾ നിക്കാൻ കഴിയില്ലെന്നു വാസ്തവം.
പ്രകടിപ്പിക്കുന്ന സ്നേഹവും ഒളിക്കുന്ന പകയും
മനസ്സിന്റെ ഇരുളിനു ശോഭ കൂട്ടുന്നു .
നിറയാത്ത കണ്ണുകൾ ആരുമേ. ഇല്ലതും
നിറയുന്ന കണ്ണുകൾ എണ്ണമറ്റുപോകുന്ന
കാലത്ത് നിറഞ്ഞു തുളുമ്പുന്ന സ്നേഹത്തിനും
കൂടെ പൈതലിൻ നിഷ്കളങ്കമാം വദനത്തിനും
ഇരുളിനെ നീക്കാൻ കഴിയുമെന്നധവാസ്തവം.
'വെളിച്ചം' ഇരുട്ടെന്ന തടവറയ്ക്കു താക്കോലെ-
ന്നപോൽ സ്നേഹം വെളിച്ചത്തിലേക്കുള്ള വീഥിയാകുന്നു.
ഇതു പോൽ 'സ്നേഹം' നിറഞ്ഞൊഴുകും നിമിഷം.
മനമിൽ ഇരുളുകൾ പകലായ് മാറുന്നു.
ദീന സമയത്തെ ഇരുളിനെ നീക്കാൻ
ചന്ദ്രനെപോലെ മലാഖയായ് വരുമെന്നമ്മയും
എൻ മനസ്സിൽ ശാന്തി തൻ ദീപം കൊളുത്തുന്നു.
നാട്യം പ്രധാനമാകുമീ കാലത്ത്
യാഥാർത്ഥ്യ സ്നേഹത്തിൻ വില ഏറെ-
യാണുതാനും.
ഓരോ വാക്കിലും ചതി നിറഞ്ഞുനിൽക്കുമാ -
നിമിഷം ഉൺമക്ക് പ്രാധാന്യം ഏറെ തന്നെ
സ്നേഹമാം വിളക്കിനെ കൊടാവിളക്കായി
സംരക്ഷിക്കുമാ കാലത്ത്.
ലോകം മുഴുവൻ ഉറക്കമുണരും
ശാന്തിയും സമാധനവും കളിയാടും.
നിസ്സഹായരായ ജനങ്ങളെ ഇരുകൈ നീട്ടി
പുതുസ്വപ്നങ്ങൾ കാണാൻ സഹാ-
യിക്കുകയെന്നതും പ്രകാശത്തിൻ
ശോഭ കൂട്ടും
നീള മനുഷ്യനു സ്നേഹം പ്രധാനമാകണേ
എന്ന ആശയും എന്നിൽ നിറയുന്നു.

# അടയാത്ത കണ്ണുകൾ



**MUHAMMED RABEEH K**
**10 I**

സൂര്യൻ വാതിൽക്കൽ വന്ന് മുട്ടിയപ്പോൾ മടിയോടെയാണെങ്കിലും ഉറക്കം സ്ഥലം വിട്ടു.അയാൾ കിട്ടക്കപ്പായയിൽ നിന്ന് ഒന്ന് തലപൊക്കി നോക്കി.അവൾ എഴുന്നേറ്റിട്ടില്ല.പിന്നെ മറ്റൊന്നും ചിന്തിക്കാതെ അയാളും കിടന്നു.കുഞ്ഞിന്റെ നിലവിളികേട്ടപ്പോഴാണ് അവളുടെ കൺപോള മെല്ലെ ഒന്ന് തുറന്നത്.പക്ഷെ പൂണമായും തുറന്നിട്ടില്ല.വീണ്ടും അടയും എന്ന മട്ടിൽ കണ്ണും .ഏഴ് മണിക്കോഴി കൂവി.അവൾ കിടക്കയിൽ നിന്നും ചാടിക്കുതിച്ചു. അടുപ്പ് പുകഞ്ഞു തുടങ്ങി. ഒരു ദൈവവിളി പോലെ എന്തോ അയാളുടെ കാതിൽ മുഴങ്ങി. “ഞീ...ഞീ...” കുഞ്ഞിന്റെ കരച്ചിലായിരുന്നു അത്. “എടീ.., കുഞ്ഞ് ദേ കരയുന്നു,നീ ഉത് എവിടെ പോയി കടക്കാ”...?ഇത് കേട്ടപ്പോൾ അമ്മ ഒന്നും പറഞ്ഞില്ല.പിന്നീട് പെട്ടന്നൊരു നില വിളി! “അമ്മേ..._അയ്യോ..... ചൂട്”, എന്തുപറ്റി മോനെ എന്ന് പറഞ്ഞ് അമ്മയും മുറിയിലെത്തി.അവിടത്തെ കാഴ്ച കണ്ട് അമ്മ പതുങ്ങി ഒന്നു ചിരിച്ചു.എന്നാൽ ചിരിച്ചില്ല.അമ്മ കാണുമ്പോൾ അവളുടെ കൈയിൽ ഒരു പാത്രവും അയാളാകെ നനഞ്ഞ് ഇരിക്കുന്നതും.അമ്മയ്ക്ക് കാര്യം പിടികിട്ടി. “മോനേ,ഇന്ന് ഓഫീസില്ലേ?” ഉണ്ട് എന്ന മട്ടിൽ അയാൾ തലയാട്ടി. ഓഫീസ് എന്ന് കേട്ടപ്പോൾ അയാൾ ഒരൊറ്റ ഓട്ടമായിരുന്നു.പ്രാദൽ പോലും കഴിക്കാതെ അയാൾ ഓഫീസിലേക്ക് കുതിച്ചു.

“എന്താടോ വൈകിയത്”? മാനേജർ ദേഷ്യത്തോടെ പാതിൽക്കൽ ഇരിന്ന് ആളുകളുടെ ഇടയിൽ വെച്ച് ചോദിക്കുമോ എന്ന ഭയത്തോടുകൂടി അയാൾ ഓഫീസിന്റെ ഡോർ തുറന്നു.പ്രതീക്ഷ തെറ്റിയില്ല. മാനേജർ അതാ നിൽകുന്നു വാതിൽക്കൽ.അയാൾ മാനേജറുടെ മുഖം ശ്രദ്ധിച്ചു.വല്ല്യ ദേഷ്യത്തിലൊന്നും അല്ല.അയാൾ മുന്നോട്ട് ചെന്നു.“എടോ എന്റെ ക്യാബിലേക്ക് ഒന്ന് വാ”.തെറിപ്പാട്ട് മുഴക്കാനായിരിക്കുമോ എന്ന് സ്വയം ചോദിച്ചു കൊണ്ട് അയാൾ ക്യാബിന്റെ ഡോർ തുറന്നു. “എന്താ സാർ”? തനിക്കൊരു സന്തോഷവാൾത്തയുണ്ട്! അയാൾ അമ്പരന്നു.എന്നെ ചീത്തവിളിക്കുന്ന തിന് പകരം എനിക്കൊരു സന്തോഷവാൾത്തയോ? എന്ന് അയാൾ ഉറക്കെ മനസ്സിൽ പറഞ്ഞു. “സന്തോഷ വാർത്തയേ”ാ ? അതെ,ടോ ,. കുറച്ച് കഴിഞ്ഞ് അയാൾ ക്യാബിന്റെ ഡോർ തുറന്ന് പ്രൊമോഷൻ കിട്ടിയ സന്തോഷം വീട്ടുകാരെ അറിയിക്കാൻ മൊബൈൽ ഫോൺ എടുത്തു. വാർത്തയറിഞ്ഞ വീട്ടുകാർക്ക് സന്തോഷമായി. അയാൾ അവരെ ഒന്ന് പുറത്ത് കൊണ്ടുപോകാൻ തീരുമാനിച്ചു.അന്ന് അയാൾ പതിവിലും നേരത്തെ ഇറങ്ങി.

അവളുടെ വാക്കിന്റെ ബലത്തിൽ അയാൾ അമ്മയെയും കൂട്ടാതെ പോകാൻ ഒരുങ്ങി.പക്ഷെ മക്കളുടെ നിർബന്ധത്തിന് വഴങ്ങി വിമനസ്സോടെ യാണെങ്കിലും അയാൾ അമ്മയെയും കൂട്ടി. കാർ മുരണ്ടു മുരണ്ടു നീങ്ങി . എത്തിച്ചേർന്നത് ഒരു വൃദ്ധസദനത്തിന് മുന്നിലായിരുന്നു.അവളും കുട്ടികളും എന്തിന് അയാളും അമ്പരുന്നുപോയി. എന്തിനായിരുന്നു അവടേക്ക് പോയത് എന്ന് അയാൾക്ക് പോലുമറിയില്ലായിരുന്നു.പക്ഷെ അയാൾക്ക് ആ സ്ഥലം നല്ല പരിചയമുണ്ടായിരുന്നു.എന്നാൽ ഓർക്കാൻ കഴിയുന്നില്ല.കുറച്ച് നേരം കാറിൽ ഇരുന്ന് വിശ്രമിക്കുമ്പോൾ ഓർമ്മകളുടെ ഭാണ്ഡക്കെട്ടിൽ നിന്ന് ഒരു ചീള് അടർന്ന് വീണു. ഓർമ്മകളുടെ ത്രാസ്സിൽ സങ്കടങ്ങൾക്ക് ദാരം തൂങ്ങി.അയാൾ അവിടെ പോയിട്ടുണ്ട്. സുഹൃത്തിന്റെ അമ്മയെ ഉപേക്ഷിക്കാൻ അയാളായിരുന്നു ഒപ്പം പോയത്.

അവർ അകത്തേക്ക് കടന്നു.അയാൾ ആ സ്ത്രീയെ തിരക്കി.അവിടെത്തെ ഏതോ ഒരു സ്ത്രീ ആ അമ്മ ഇവിടെ കിടക്കുന്നുണ്ട് എന്ന് പറഞ്ഞു.അത് കേട്ടപ്പോൾ അയാളുടെ ഹൃദയം സന്തോഷം മൂലം തുള്ളിച്ചാടി.അയാൾ റൂമിലേക്ക് ചെന്നു.അമ്മയെ കണ്ടപ്പോൾ അയാളുടെ കണ്ണുകൾക്ക് വിശ്വസിക്കാനായില്ല. അമ്മ ആകെ മാറിപ്പോയി. നേരെത്തെതലേറെ ആരോഗ്യവും ഉന്മേശവും കിട്ടിയിരിക്കുന്നു.വീട്ടുകാർക്ക് ഒന്നും തന്നെ പിടികിട്ടിയില്ല.അയാൾ അമ്മയെ വിളിച്ചു.അമ്മയ്ക്ക് അയാളെ മനസ്സിലായി. അങ്ങനെ സംസാരിച്ചിരിക്കെ അയാളുടെ ഇളയ കുട്ടി ചോദിച്ചു: ചേട്ടാ,“അവർ ഉറങ്ങുങ്ങുകയാണോ"? “അതെ ടാ കുട്ടാ, അവർ ഉറങ്ങുകയാണ്". ചേട്ടൻ പറഞ്ഞു. അത് കേട്ടപ്പോൾ അമ്മപറഞ്ഞു; അവർ ഉറങ്ങുകയല്ല കുട്ടികളെ,അവർ ഉണർന്നിരിക്കുക തന്നെയാണ്. അവർ ഉറങ്ങുകയായിരുന്നു ഭൂതത്തിൽ .ഇരുട്ട് മൂടിയ ഭൂതത്തിൽ ഒരു പ്രകാശമായി മാറിയത് അവർക്ക് ഈ വൃദ്ധസദനങ്ങളാണ്.. ഇനി ഞങ്ങൾ ക്കിടയിൽ പ്രകാശം പരക്കും. കണ്ണുകൾ തുറന്നിരിക്കും ,അടയുകയി.ല്ല. കുട്ടികൾ പുഞ്ചിരിച്ചു.അത് കേട്ടപ്പോൾ അയാളുടെ ഹൃദയം തകർന്നു. കണ്ണ് നീരിനെ അയാൾക്ക് പിടിച്ച് കെട്ടാൻ ആയില്ല. കണ്ണിന്റെ വരമ്പും കഴിഞ്ഞ് അത് ഭൂമിയിൽ വീണു.



# പുതപ്പ്



**SHIFA T**
9 I

അവൾ തന്റെ കൊച്ചുസഞ്ചി കയ്യിൽപിടി ച്ചു. ഇരുട്ടിനെ തട്ടിമാറ്റാൽ കൈയ്യിലൊരു ടോർച്ചു മുണ്ടായിരുന്നു. വലിയെരു തന്റെ ശരീരം തഞുപ്പിച്ചു –പുതപ്പ് കൊണ് അവൾ അത് ഒരു ശൈത്യകാലമായിരുന്നു. മരപ്പലകകളാൽ നിർമിതമായ ആ രണ്ട് നില കൊച്ചു വീട്ടിൽ ചിമ്മിനിയ്ക്കു താഴെ "മേരി", അലസ്യമായി കിടന്നു. ചിമ്മി നിയിലെ ചൂട് അവൾക്കാശ്വാസമായിരുന്നു. ക്ലോക്കിൽ മണി 6 അടിച്ചു. അവൾ തന്റെ ക ണ്ണുകൾ തുറന്നു. മണിയുടെ ശബ്ദം കേട്ടായിരിക്കണം . പപ്പികുരച്ചു കൊണ് അങ്ങോട്ട് വന്നത്. അവൾ ആ കരിപൂ ശിയ തിലത്ത് നിന്ന് എണീറ്റു. അവ ഌ കരങ്ങളും മൃദു കാലുകളും തണപ്പിനാൽ മരപ്പലകളാൽ ചുറ്റപ്പെട്ട കൊച്ചു ഡൈനിങ് റൂം ചുമരിൽ രണ്ട് പ്രതിഭ കജടെ ചിത്രങ്ങൾ.തൂക്കിയിട്ടിരിക്കുന്നു. അതിനു താഴെയായി മെഴുക് തിരിയും കത്തിച്ച് വെച്ചിരിക്കുന്നു. തൊട്ടടുത്ത കുരിശിനു സമിപത്തായി ഒരു വലിയ ചുമന്ന പുതപ്പ് .

അവളുടെ പാദങ്ങൾ ചലിച്ചു. കോണിപ്പടിയിലെ ഓരോ പടികളും കയറുന്നത് അവൾക്ക് അസന്യമായി തോന്നി എങ്കിലും അവൾ ചലിച്ചു. അവൾ മുകളിലേക്കെത്തിയിരുന്നു. അവൾ തന്റെ റൂമിലേക്ക് പ്രവേശിച്ചു. ജനാല തുറന്ന് പുറത്തേക്ക് നോക്കി വളരെ ദൂരത്തായി ഒരു പ്രകാശം അവളു ടെ ദൃശ്ടിയിൽ പെട്ടു. മണി വീണ്ടും 7 അടിച്ചു അവൾക്ക് തിടുക്കമായി .

അവൾ തന്റെ കൊച്ചു സഞ്ചി കയ്യിൽ പിടിച്ചു ഇരുട്ടിനെ തട്ടിമാറ്റാൻ കൈയിലൊരു ടോർച്ചു മുണ്ടായിരുന്നു വലിയൊരു പുത പ്പ് കൊണ്ട് അവളാ തണുപ്പിനെ പ്രതിരോധിച്ചു. സഞ്ചിയിൽ കുറച്ച് ബ്രഡ്ഡും രണ്ട് മെഴുക് തിരിയും വെച്ചു. എന്നിട്ട് ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി നേരം വല്ലാരെ ഇരുട്ടിയിരിക്കുന്നു. പ്രകാശ ബിന്ദു തന്നെ മാടിവിളിക്കുന്നതായി അവൾക്ക് തോന്നി അവൾ ധൃതിയിൽ കോണിപ്പടികളിറ ങ്ങി. മുന്നിൽ തൂക്കിയിട്ട 2 പ്രതിമകളുടെ ചിത്രത്തിന് മുമ്പിൽ ഇരുന്ന് കൊണ്ട് പ്രാർത്ഥിച്ചു: "കർത്താവേ! അങ്ങയുടെ കരുണ കൊണ്ട് ഇവർക്ക് നീ സ്വർഗ്ഗം നൽകേണമേ".... മെഴുകുതിരികൾ കത്തിച്ചു അവൾ വാതിലുകളറച്ച് ആ ശൈത്യകാല മഞ്ഞികൾക്കിടയിലൂടെ നടന്നു. വൃക്ഷങ്ങൾ പക്ഷികൾ ,എല്ലാം ഉറങ്ങുകയാണ് ഈ പ്രപഞ്ചം മുഴുവൻ ഉറങ്ങുകയാണ് "അവർ ഉറങ്ങട്ടെ ഗാഢനിദ്രയിലേക്ക് അവർ വീഴട്ടെ". എന്ന് മനസ്സിൽ കരുതി കൊണ്ട് അവൾ നടന്നു തുടങ്ങി.

ആ കൂരിരുട്ടിലെ ഏക വെളിച്ചം അവളായിരുന്നു.

അങ്ങനെ അവൾ നടന്നു. പ്രകാശ ബിന്ദു കണ്ണിൽ കണ്ടു തുടങ്ങിയപ്പോൾ അവളുടെ നടത്തത്തിന് ആക്കം കൂടി അവൾക്ക് ധൃതിയായി. പ്രകാശ ബിന്ദു അടുത്തടുത്തായി വന്നു.അതൊരു വിളക്കായിരുന്നു. അതിനു താഴെയായി രണ്ട് കല്ലറകൾ – ജോസഫ്, സാറ എന്നീ പേരുകൾ അതിൽ കൊത്തി വെച്ചിരിക്കുന്നു.അവൾ അവർക്കരികിലായി മുട്ട് കുത്തി ഇരുന്നു കൈയ്യിലുള്ള രണ്ട് മെഴ്ക് തിരികൾ കത്തിച്ച്.അതിനു മുകളിലായി വെച്ചു. കണ്ണുകളടച്ച് കരങ്ങളുയർത്തി അവർ പ്രാർത്ഥിച്ചു.കണ്ണുകളിൽ നിന്ന് കണ്ണുനീരുകൾ ഉറവപൊട്ടി അത് ധാര ധാരമായി അവളുടെ കവിളിലൂടെ ഒലിച്ചിറങ്ങി. കുറച്ച് സമയത്തെ പ്രാർത്ഥനയ്ക്ക് ശേഷം അവൾ കണ്ണുകൾ തുറന്നു.കയ്യിലുള്ള പുതപ്പ് കൊണ്ട് ആ കല്ലറകൾ മറച്ചു. എന്നിട്ട് സ്വയം പറഞ്ഞു. ഈ ശൈത്യകാലത്ത് അവർ തണുത്ത് വിറക്കുന്നുണ്ടാകാം....

ആ കുന്നിൻ മുകളിൽ നിന്ന് അവൾ ദൂരെത്തേക്ക് നോക്കി അവടെ മരക്കൂനകൾക്കുമീതെയായി ഒരു ചുമന്ന കൊടി പറക്കുന്നു നേരം വല്ലാതെ ഇരുട്ടി അവൾ ആ വഴി വക്കിലൂടെ നടന്ന് തുടങ്ങി. പെട്ടെന്ന്! പിറകിലൊരു ശബ്ഭം. തിരിഞ്ഞു. നോക്കി കല്ലറകൾക്ക് മുകളിലായി രണ്ട് പ്രകാശങ്ങൾ ഉള്ളതായി അവൾക്ക് തോന്നി നടക്കുന്നതിനയിലായി അവൾ തിരിഞ്ഞ് നോക്കി. എന്നിട്ട് തന്നോട്ടുതന്നെ പറഞ്ഞു "അവർ ഉറങ്ങട്ടെ , ശൈത്യകാലത്തെ മൃദുവായ കാറ്റ് അവരെ നന്നായി ഉറക്കട്ടെ"!

# അവസാനശ്വാസം - പ്രതീക്ഷയോടെ....



**AFA NOORI V P**
**10H**

കറുത്തുകിടക്കുന്ന മാനത്തോക്ക് നോക്കി കണ്ണുകളിൽ നിന്നും തിരമാലകളെ പോലെ വെള്ളം ഒഴുകികൊണ്ടിരിക്കുകയാണ്. എന്തിനെന്നറിയാതെ അവൾ.കൊച്ചുകുടിയായിരുന്നപ്പോൾ മഴയെ എത്ര വാൽസല്യത്തോടെയും ആഹ്യളാദത്തോടെയുമായിരുന്നു ഞാൻ കണ്ടിരുന്നത്.എന്നാൽ ഇപ്പോൾ ഭയമാണ് ഉള്ളിൾ.അകത്തുനിന്നും അരോ വിളികുന്നത് പോലെ.
“ശാരിഗ....ഇപ്പോഴും പുറത്ത് ഇരിക്യണേ സമയത്ത്രായിന്ന്ള്ള ബോദണ്ടേൻക്ക്?”അവളുടെ അമ്മ ചിത്ര ഉറകെ ചോദിച്ചു. “അമ്മേ എന്നാലെന്നുവാ എനിക്ക് കിടക്കാൻ സമയമായി എന്നെ റുമിൽ കൊണ്ടിക്കിത്താ.”10ാം ക്ലാസിൽ പഠിക്കുന്ന ഒരു സുന്ദരിയായ കുട്ടിയായിരുന്നു ശാരിഗ.5ാം ക്ലാസിൽ പഠിക്കുമ്പോൾ പോളിയോ ഭാദിച്ച് അവളുടെ ഇരുകാലുകളുടെ അവസാനിച്ചു എന്ന് മനസ്സിൽ കൊണ്ടുനടക്കുന്ന അവളെ അവളുടെ അമ്മ തിരിച്ചു ജീവിതത്തിലോക്ക് കൊണ്ടുവന്നു. കൊച്ചുകുട്ടി ആയപ്പോൾ തന്നെ അവളുടെ അച്ഛൻ വാഹന അബകടത്തിൽ പെട്ടുമരിച്ചുപോയിരുന്നു. അങ്ങനെ നല്ല സൗഭാഗ്യങ്ങൾ നഷ്ട്ടപെട്ടുപോയ നിരാഷ നിറഞ്ഞ ഒരു കുടുബമായിരുന്നു ചിത്രയുടെയും ഗരിഗയുടെയു.

നിലാവിന്റെ വെളിച്ഛം അവളുടെ മുഖത്ത് ഒന്ന് തലോടിയപ്പോയാണ് ശരിഗ ഉണരുന്നത്. ഉണരുംബോൾ തന്നെ അമ്മയുടെ പിറുപുറശബ്ദമായിണ് അവൾ കേൾക്കുന്നത് അങ്ങോട്ടും ഇങ്ങോട്ടു ഓടുന്ന അമ്മയെ കണ്ട് അവൾ അമ്മയെ എഴുന്നോൽ പിക്യൻ വോണ്ടി ഉറക്കെ വിളിച്ചു....
“ചുമ്മാതങ്ങ് കിടന്നാമതിയലോ.. നിനക്ക് ആവശുകൾക്ക് ഒരു പിടി പുല്ലരിയാൻ പോലും പുറത്തോട്ടിറങ്ങാൾ വയ്യ. ആ കരണ്ടാണോൽ ഇന്നലത്തെ ഇടിയിൽ പോയതാ.. പിനെ വെന്നിട്ടില്ല. എന്ന അമ്മ കുറച്ച് ശക്തിയോടെ പറഞ്ഞു "എനിക്ക് "ഒന്നിനും വച്ചാനിട്ടല്ലെ. അമ്മേ" ഒരു കുലീന മനസോടെ ശരിഗ പരഞ്ഞു. അവളെ കൊട്ടിപുളർന്ന് കൊണ്ട് അമ്മ അവളെ ആശ്വസിപ്പിച്ചു.
അമ്മയോട് ക്ഷമിക്ക് മുത്തേ.... അമ്മ അമ്മയുടെ വെഷമം കൊണ്ടങ്ങ് പാഞ്ഞു പോയതല്ലേ... പോട്ടെ... വാ നമ്മുക്ക് ഉമ്മറത്ത് പോയി ഇരിക്ക്യാ.. പുറത്ത് നല്ല മഴയാണ് ഇന്നലെ തുടങ്ങിയ മഴ ഇതുവരെ തീർന്നിലോ.. ഇല്ല . ഇനാലോന്നെ ആ പെഴ്ത്ത് കണ്ടപൊഴോ.. എനിക്ക് ഉറപ്പായിര്ന്നു ഇത് ഇന്നലൊം കൊണ്ടോന്നും തീറിലാണ്.

മുറ്റത്തിന്റെ പകുതിയോളം വെള്ളം പാതരക്ഷകളെല്ലാം ഒലിച്ച് പോയികൊണ്ടിരികുന്നു മഴയുടെ ശക്തി കുറയുന്ന ലെക്ഷണങ്ങൾ ഒന്നും കാണുന്നും ഇല്ല. അമ്മ ചിത്രയുടെ മനസ്സു വിദും ബാൻ തുടങ്ങി. അയൽ വാസി കളെല്ലൊ സാധനങ്ങളും ടറസിന്റെ മുകളിൽ എത്തിച്ചു. “ഞാൻ എന്തു ചെയും ദൈവമേ..ഞാൻ ഒറ്റകാവി പോയലേ...”
വെള്ളം ഉയർന്ന് കെണായിരുന്നു വീടിന്റെ ഉള്ളൽ പകുതിയിലോറെ വെള്ളം വിണ്ടും കഴറി. ചിത്രയുടെ മനസ്സിലെ ആശംഘ വെളത്തോളം കുടികൊണ്ടിരുന്നു.

അമ്മേ... മഴയുടെ ശക്തി കൂടിവരുന്നു .. നമ്മുടെ വീടിന്റെ അകത്തു വരെ എത്തി വെള്ളം എന്താ അമ്മേ നമ്മൾ ചെച്ചാ എല്ലാവരും ദുരിതാശ്വാസ ക്യാമ്പിലും മറ്റും പോയി പക്ഷെ പാവം ഇവർ അതെന്നും അറിയുന്നുണ്ടായിരുന്നില്ല. ടാമുകൾ തുറന്നു വിട്ടതും ഒന്നും ഇവൾ അറിഞ്ഞു പോലും ഇല്ലായിരുന്നു . വെള്ളം ഉയർന്നു അവരുടെ കാൽ മുട്ടുവരെ വെള്ളം എത്തി . ശരിഗയേ എടുത്തുകൊണ്ട് അമ്മ ടറസ്സിന്റെ മുകളിൽ കഴറി . ചുറ്റു പാടും നിറയെ വെള്ള ഒരു കുഞ്ഞു പുപയേപോലും അടിടെയെങ്ങും കാണാൻ പോലും ഇല്ലായിരുന്നു.അവർ അറിയാതെ അവളുടെ കണ്ണുകൾ നിറഞ്ഞു .

ആശഷ്യ നിറഞ്ഞ കണുകളോടെ മകളെ തോളിലേറ്റി അവൾ അവിടെ നിൽക്കുന്നു . വെള്ളം വീണ്ടും ഉയർന്നു മയയുടെയും കാറ്റിന്റെയു ശക്തി കുടികൊണ്ടിരിക്കുന്നു എന്നല്ലാതെ ഒരു മാറ്റവും അതിൽ കണ്ടില്ല. ടറസ്സിൽ വരെ വെള്ളം എത്തി . അമ്മേ എന്നെ ഇങ്ങനെ ഇടുത്തു നിൽകാനാൽ അമ്മക്ക് ഇനി കഴിയുമേ... കണുകളിൽ നിന്നും ചുടുകണ്ണുനീരോടു കൂടി അമ്മ പറഞ്ഞു . എന്റെ ജീവൽ പണയം വെച്ചാലും എന്റെ മോളെ ഞാൻ ആർക്കും വിട്ടുകൊടുകില്ല. ഇനി നമ്മൾ എന്താചെച്ചാ മോളെ....... രക്ഷികണേ... ഓടിവരരേ എന്ന് ഉറക്കെ ചിത്ര വിളിച്ച് പറഞ്ഞു. ആരുടെയും മറുപടി കോൾകാൻ കഴിയുനിലായിരുന്നു അവൾക്ക് . വെള്ളം കുഞ്ഞിന്റെ മുട്ടുകൈ വരെ എത്തി . അവളെ ഉയത്തിപിടിച്ച് കൊണ്ട് ചിത്ര അവിടെ ഉറച്ച് നിന്ന് . ഒരേ.. ഒരേ... നിമ്മിശങ്ങളിൽ പല ശബ്ദവും കോൾക്കുബോൾ പ്രതീക്ഷകൾ കണുകളിൽ തുള്ളുംബിയിരുന്നു .

പക്ഷെ വെള്ളം ശക്തിയിൽ വരുന്ന ശബ്ദമായിരുന്നു എന്ന് അവർ വൈകി മനസിലാക്കി . ചിത്രയുടെ കൈകുഴനിട്ടും അവൾ ഒരു മാറ്റവും ഇല്ലാതെ മകളെ ഉയർത്തി പിടിച്ചു . അവർ ഉറക്കെ കരഞ്ഞുകൊണ്ടിരികുകയാണ് . ആരും അവരുടെ വിളികോൾകുന്നില്ലായിരുന്നു . എന്നാൽ അവസാനം മുകളിൽ നിന്നും "ബോട്ടിന്റെ ശബ്ദം കോൾക്കുന്നത് പോലെ" ചിത്ര പറഞ്ഞു .
ആ അമ്മേ നല്ല ശബ്ദമുണ്ട് ഇങ്ങോട്ട് തന്നെയാണ് വരുന്നത് .ശബ്ദം അടുക്കുന്നു എന്ന് പറഞ്ഞു ആശ്വാസത്തോടെ ആയിരുന്നു അവർ അവരുടെ ജീവനെ കൊണ്ടുപോകാനുള്ള പാറകക്ഷ്ണങ്ങളും കൊമ്പുകളുമാണ് അവർക്കുനോരെ ഉരുൾപെട്ടിവരുന്നത് എന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയാതെ പോയിരുന്നു . എന്നതായിരുന്നു അതിന്റെ സത്യം .

# The Digital World, Trapped the World

**Long Long ago,there was no technology in this world. But on today all the world are in front of technology and digital gadgets. Now a day all; small childrens to great grand parents spend many time in this the world become so lazy with these gadgets. Parents gave mobile phones to their small children either to eat food or to pay attention this was the first step for addicting on digital gadgets. When we addict on this we can't release from the trap. Sometimes we trapped with some strangers words. That time we recognize we were trapped we will mentally and physically weak. I don't no which was addict or not addict. When I go trip with family. I saw many people's always gave concentration to phone. When talking about this I will always when talking about this I will always when remember my friend 'Vithulya' because she was very addict to phone. She was a very good girl at in 5th standard. She got always 'A' grade in all subjects but the growing digital world changes her. Now she got always the grade 'E'. Because she didn't study in home. She always play game or watch reels. I prey to good for this situation of every people and I want to escape from the grasp of the fears mirrored by the Digital age. When will the digital world change to a good world? That was the question of me to the modern world.**



# The Future of Robotics: Transforming Our World



**FADHI MIYAZ V K**
**9 G**

Robotics is revolutionizing industries and reshaping the way humans interact with technology. From automation in manufacturing to AI-driven assistants, robots are becoming an integral part of our daily lives.

**What is Robotics?**

Robotics is an inter disciplinary field that combines engineering, computer science, and artificial intelligence to design and build machines that can perform tasks autonomously or with human guidance. These machines, known as robots, can be found in various sectors, including healthcare, agriculture, logistics, and space exploration.

**Applications of Robotics**:

Healthcare: Surgical robots assist doctors in performing precise operations, while robotic exo skeletons help individuals with mobility impairments regain movement. Manufacturing: Automated robots increase efficiency in production lines by assembling productswith speed and accuracy.

Agriculture: Drones and robotic arms assist in precision farming, reducing the need for manuallabor.

Logistics: Warehouses employ robotic systems to streamline inventory management and order fulfillment.

Space Exploration: Robots like NASA's Perseverance rover explore distant planets, gatheringvaluable data beyond human reach.

Defense & Security: Autonomous drones and robotic surveillance systems enhance security anddefense operations worldwide.

Education & Research: Robots are used in schools and universities to teach programming, AI,and engineering concepts through hands-on experience.

**The Role of 'AI'in Robotics:**

Artificial intelligence plays a crucial role in robotics, enabling machines to learn, adapt, and make decisions. Machine learning algorithms and neural networks allow robots to recognize objects, understand speech, and even interact with humans in

natural ways. AI-powered robots, such as humanoid assistants and chatbots, are transforming customer service and personal assistance.

**Challenges and Future Prospects:**

Despite significant advancements, robotics faces challenges such as high development costs, ethical concerns, and cyber security threats. However, ongoing research and innovation continue to push the boundaries, making robots more intelligent, affordable, and accessible.The future of robotics promises smarter automation, enhanced human-robot collaboration, and the potential to revolutionize industries. As technology advances, robotics will play an even greater role in shaping the way we work and live.

**The Human-Robot Relationship:**

As robots become more advanced, the dynamic between humans and machines is evolving. Collaborative robots, or cobots, are designed to work alongside humans in workplaces, improving productivity without replacing jobs entirely. Ethical considerations, including robot rights and AI decision-making, continue to shape discussions on responsible robotics development.


Conclusion:

The impact of robotics on society is undeniable. As we move forward, embracing robotic advancements will be key to unlocking new possibilities and solving complex challenges in various domains. The journey of robotics is just beginning, and its potential is limitless!



# LK CREATIVE ENDEAVORS






















































ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടിയ മഞ്ചേരി എച്ച്എംവൈഎച്ച്എസ്എസ് ക്ലബ് അംഗങ്ങൾ പ്രധാനാധ്യാപകനൊപ്പം

## ലിറ്റിൽ കൈറ്റ്സ്: എച്ച്എംവൈഎച്ച്എസ്എസിന് രണ്ടാം സ്ഥാനം

മഞ്ചേരി: പൊതു വിദ്യാലയങ്ങളിൽ മികച്ചരീതിയിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബുകൾക്ക് സംസ്ഥാന ജില്ലാതലങ്ങളിലെ അവാർഡുകൾ പ്രഖ്യാപിച്ചു. ജില്ലയിൽ രണ്ടാംസ്ഥാനം നേടിയ മഞ്ചേരി എച്ച്എംവൈഎച്ച്എസ്എസിന് 25000 രൂപയും പ്രശസ്തിപത്രവുമാണ് ലഭിക്കുക.

ഒന്നാംസ്ഥാനം കൊട്ടുക്കര പിപിഎംഎച്ച്എസിനാണ്. മൂന്നാം സ്ഥാനം എന്തമുണ്ണാ എൻഎച്ച്എസ്എസിനും ലഭിച്ചു. എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ കുട്ടികൾക്ക് സ്ഥിരമായ പരിശീലനത്തിലൂടെ മികച്ച ഗ്രേഡുകൾ ലഭിക്കാൻ സ്കൂളിലെ ക്ലബിന് സാധിച്ചു. കുടുംബശ്രീ പ്രവർത്തകർക്കും അംഗന്വാടികളിലും അമ്മമാർക്കും ഐടിഅധിഷ്ഠിത പാഠനത്തെ കുറിച്ചുള്ള പരിശീലനങ്ങൾ ക്ലബിന്റെ നേതൃത്വത്തിൽ നടന്നു. കൂടാതെ ക്ലബ് അംഗങ്ങൾ തുടങ്ങാതെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ, ഹൈടെക് മോണിറ്ററിങ് റോബോട്ടിക് ആശയങ്ങളുടെ രൂപീകരണം എന്നീ പ്രവർത്തനങ്ങൾ പുരസ്കാരത്തിന് അർഹത നേടിക്കൊടുത്തു. കോർഡിനേറ്റർമാരായ ശരീഫ്, അക്ബറലി, അധ്യാപകരായ കെ പി ഹസീന, ടി ഷെറീന, നൗഫൽ, ആമീൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ബഷീർ കല്ലായി @ ജനയുഗം

മാധ്യമം

## ലിറ്റിൽ കൈറ്റ്സ് അവാർഡ് ഏറ്റുവാങ്ങി

> എച്ച്.എം.വൈ.എച്ച്.എസ്.എസിന് രണ്ടാം സ്ഥാനം







ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ രണ്ടാം സ്ഥാനം (25,000 രൂപ) നേടിയ മഞ്ചേരി എച്ച്എംവൈഎച്ച്എസ്എസ് ടീം. കോഓർഡിനേറ്റർമാരായ ശരീഫ്, അക്ബറലി, അധ്യാപകരായ കെ.പി.ഹസീന, ടി.ഷെറീന, നൗഫൽ, ആമീൻ എന്നിവരാണ് നേതൃത്വം നൽകുന്നത്.

15/06/2024 | Manjeri | Page : 02
Source : https://epaper.manoramaonline.com/

മാധ്യമം

## ഭിന്നശേഷി കുട്ടികൾക്ക് പെയിന്റിങ് മത്സരം

മഞ്ചേരി: എച്ച്.എം.വൈ.എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ്സ് ഭിന്നശേഷി കുട്ടികൾക്കായി ഡിജിറ്റൽ പെയിന്റിങ് മത്സരം നടത്തി. വിജയികൾക്ക് പ്രധാനാധ്യാപകൻ എം. അൻവർ ഷക്കീൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ടി. ഫാത്തിമ ഹിബ ഒന്നും ഫാത്തിമ ഷാന രണ്ടും പി. അഷിൽ മൂന്നും സ്ഥാനങ്ങൾ നേടി. കൈറ്റ് പരിശീലകരായ കെ.പി. അസീന, ടി. ഷെറീന, അമീൻ ചുങ്കത്ത്, എം.ടി. നൗഫൽ എന്നിവർ നേതൃത്വം നൽകി.

04/12/2024 | MALAPPURAM | Page : 16
Source : https://epaper.madhyamam.com

മാധ്യമം

## ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

മഞ്ചേരി: എച്ച്.എം.വൈ.എച്ച്.എസ് സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ എട്ടാം ക്ലാസിലെ രണ്ടു ബാച്ചുകളിലായി അനിമേഷൻ, പ്രോഗ്രാമിങ് എന്നിവയിൽ ക്യാമ്പ് നടത്തി. പ്രധാനാധ്യാപകൻ അൻവർ ഷക്കീൽ ഉദ്ഘാടനം ചെയ്തു. കൈറ്റ് ട്രെയ്നർ യാസർ അറഫാത്ത് ക്ലാസെടുത്തു. കൈറ്റ് മാസ്റ്റേഴ്സ് ആയ അസീന, ഷെറീന, അമീൻ, നൗഫൽ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

22/08/2024 | MALAPPURAM | Page : 16
Source : https://epaper.madhyamam.com

## ഏകദിന ക്യാമ്പ്

മഞ്ചേരി: എച്ച്.എം.വൈ.എച്ച്.എസ്.എസിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾക്കായി സ്കൂൾതല ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. ആനിമേഷൻ, പ്രോഗ്രാമിങ് തലങ്ങളിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമാണ് ക്യാമ്പ് സംഘടിപ്പിച്ചത്. പ്രധാനാധ്യാപകൻ അൻവർ ഷക്കീൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ എസ്.ഐ.ടി.സി അക്ബർ അലി, കൈറ്റ് മിസ്ട്രസുമാരായ അസീന, ഷെറീന എന്നിവർ ക്ലാസെടുത്തു. മികച്ച പ്രകടനം കാഴ്ചവെ...ികളെ ഉപജില്ല ക്യാ...തെരഞ്ഞെടുത്തു.

## ലിറ്റിൽ കൈറ്റ്സ് ക്യാംപ് നടത്തി

മഞ്ചേരി ● എച്ച്എംവൈഎച്ച്എസ്എസിൽ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ അനിമേഷൻ, പ്രോഗ്രാമിങ് എന്നിവയിൽ ക്യാംപ് നടത്തി. പ്രധാനാധ്യാപകൻ അൻവർ ഷക്കീൽ ഉദ്ഘാടനം ചെയ്തു. അക്ബർ അലി, അസീന, ഷെറീന എന്നിവർ പ്രസംഗിച്ചു.

## ഭിന്നശേഷി കുട്ടികൾക്ക് പെയിന്റിങ് മത്സരം

മഞ്ചേരി: എച്ച്.എം.വൈ.എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ്സ് ഭിന്നശേഷി കുട്ടികൾക്കായി ഡിജിറ്റൽ പെയിന്റിങ് മത്സരം നടത്തി. വിജയികൾക്ക് പ്രധാനാധ്യാപകൻ എം. അൻവർ ഷക്കീൽ സമ്മാനങ്ങൾ വിതരണം ചെയ്തു. ടി. ഫാത്തിമ ഹിബ ഒന്നും ഫാത്തിമ ഷാന രണ്ടും പി. അഷിൽ മൂന്നും സ്ഥാനങ്ങൾ നേടി. കൈറ്റ് പരിശീലകരായ കെ.പി. അസീന, ടി. ഷെറീന, അമീൻ ചുങ്കത്ത്, എം.ടി. നൗഫൽ എന്നിവർ നേതൃത്വം നൽകി.

സഹകരിച്ച എല്ലാവർക്കും
നന്ദി.............